# കൈരളി

| പുസ്തകം ൧൯ | ൧൧൧൦ ചിങ്ങം | ലക്കം ൫ |
|---|---|---|

## എന്തറിഞ്ഞു ! *

[സി. എം. കുഞ്ഞുണ്ണി രാജാ.]

൧

വരു, സഖി, നിറയ്ക്കുകെൻ
പാത്രം; ദൈവം കനിയുമേ;
തരു തകരുമീ എത്തി-
നിത്തിരി മദ്യം!

അറിഞ്ഞീല താലോലിച്ചി-
ലെന്നിലിപ്പോൾ തഴച്ചേല്പു-
മനുപമ ദിവ്യപ്രേമ
മാദിയിലേതും.

പാഴിലോർത്തേൻ 'സാരമില്ല,
ദോഷമില്ലെ'ന്നെല്ലാമയ്യോ
തോഴി,യെന്തുവിഷമമി
തെന്തു വിഷമം!

* ഹാഫിസ്

൫

ഇരവിൻ കുളുർകാറെറാരു
കളിപ്പെണ്ണിൻ നെററിമേലെ-
സ്സുരഭിലച്ചുരുൾമുടി-
യൊന്നുമ്മ വെച്ചു;

പോകുംപോക്കിൽ താൻകവന്നോ-
രച്ചുംബനത്തിൻ പകുതി-
യേകിയെനിക്കിതിലത്ര-
യ്ക്കെന്തുള്ളു തോഴി?

ഓൎത്താരിതൊരുവൻെറ
ഹൃത്തു തകൎക്കുമെന്നയ്യോ!
മദ്യം! മദ്യം! തരുസഖി,
ചുവന്ന മദ്യം!

൬

മരിച്ചാവു ഞാനെൻതോഴി
പ്രാൎത്ഥിക്കുകീശ്വരനോടാ-
മണിനാദമിക്ഷണത്തിൽ
ശ്രവിച്ചാവു ഞാൻ

ഏതൊരുക്കിയാത്രയാക്കി
നിൎത്തിട്ടുന്നു പഥികനെ
തൻതാവളം നാകമാട്ടെ,
നരകമാട്ടെ!

മരണത്തിൻമൂടുവണ്ടി
വല്ലാത്തതാ, മാട്ടെ, ഭയം
തരിമ്പുമില്ലിരുണ്ടൊരീ
യാത്രയിങ്കൽ മേ.

സാനന്ദം ഞാൻ കടന്നീടും
പാരം ഭയങ്കരമാകു-
മാനദിയും കൊടുതായ
പെരും ചുഴിയും.

൪

എന്തറിഞ്ഞു സഖിയവ-
രക്കരെച്ചെന്നിരിക്കുവോർ
ഹന്ത, നമ്മൾ ചുമക്കുന്ന
ദുർഭരഭാരം!

ഏരീതി പോലുജ്ജ്വലിക്കും
മുഖവുമായവരെല്ലാം
മരിച്ചുപോകവേ സഖി,
മണ്ണടിയവേ,

എന്തറിഞ്ഞു പ്രണയത്തിൻ
കൊടിയ രഹസ്യമേതി-
ന്നെന്നെ ദ്ദീനനാക്കിടുന്നു
മുഗ്ദ്ധനാകുന്നു!

# സ്ത്രീകളും കലകളും.

[എം. എസ്. ദേവദാസ് ബി. എ. ഓണേഴ്സ്]

ആദികാലങ്ങളിൽ പുരുഷൻമാത്രമേ കലാസൃഷ്ടി ചെയ്തിരുന്നുള്ളു. സ്ത്രീ സന്താനോൽപാദനംകൊണ്ടും സന്താനസംരക്ഷണംകൊണ്ടും തൃപ്തിപ്പെട്ടിരുന്നു. കാലക്രമേണയാണ് സ്ത്രീയുടെ കലാപരങ്ങളായ വാസനകൾ വളൎന്നുവന്നത്.

മനുഷ്യൻ പരിണാമസോപാനത്തിലൂടെ ഉയൎന്നു വരുന്നതോടുകൂടി സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസങ്ങൾ ക്രമാനുകൂലമായി കുറഞ്ഞുവരുന്നു. മനുഷ്യന്റെ അറിവും ചിന്താശക്തിയും വൎദ്ധിയ്ക്കുന്നതോടുകൂടി പുരുഷന്മാൎക്കു സ്ത്രീകളെയും സ്ത്രീകൾക്കു പുരുഷന്മാരെയും പൂൎവ്വാധികം മനസ്സിലാക്കാൻ കഴിയുന്നു; പുരുഷന്റെ മനസ്സിന്നും സ്ത്രീയുടെ മനസ്സിന്നും തമ്മിൽ പൂൎവ്വാധികം അടുപ്പമുണ്ടാവുന്നു; പുരുഷനിൽ സ്ത്രീത്വവും സ്ത്രീയിൽ പൌരുഷവും വൎദ്ധിച്ചുവരുന്നു. അങ്ങിനെ, ആദികാലങ്ങളിൽ പുരുഷനിൽമാത്രം കാണപ്പെട്ടിരുന്ന കലാവാസനകൾ കാലക്രമേണ സ്ത്രീയിലും അഭിവൃദ്ധിപ്പെട്ടുവന്നു.

ഇന്നു് ലോകത്തിലെങ്ങും മാറൊലിക്കൊള്ളുന്ന സ്ത്രീസ്വാതന്ത്ര്യവാദവും സ്ത്രീകളിൽ വളൎന്നുവരുന്ന ഈ പൌരുഷത്തിന്റെ പ്രതിധ്വനിയാണ്. ഇതുവരെ പുരുഷന്മാർ ചെയ്തുവന്നിരുന്ന പ്രവൃത്തികൾ ചെയ്വാൻ ഇന്നത്തെ സ്ത്രീകളിൽ പലരും ഇഷ്ടപ്പെടുന്നു; അത്തരം ജോലികളിലാണ് അവരിൽപ്പലരും ഇന്നു് ഏൎപ്പെട്ടിരിയ്ക്കുന്നതും; അതിന്നവൎക്കു പ്രാപ്തിയുമുണ്ടു്. വീട് എന്ന സങ്കുചിതസ്ഥാപനത്തെക്കുറിച്ചുള്ള ദൈനന്ദിനങ്ങളായ ചിന്തകളിലല്ലാ, വീടിനേക്കാൾ വിശാലങ്ങളായ സമുദായം, സംസ്ഥാനം, രാഷ്ട്രം തുടങ്ങിയ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഗുരുതരങ്ങളായ കാൎയ്യവിചാരണകളിലാണ് അവരുടെ വികസിച്ചുവരുന്ന ബുദ്ധിശക്തിയ്ക്കു പ്രചരിയ്ക്കുവാൻ വാസന.

ഇപ്രകാരം മനോവികാസം സിദ്ധിച്ച സ്ത്രീകളിൽതന്നെയാണ് കലാബോധം അധികം വ്യക്തമായി കാണപ്പെടുന്നത്. അതങ്ങിനെയേ വരൂ; കാരണം, സ്വാതന്ത്ര്യബോധമില്ലാത്തേടത്തു കലയ്ക്കു വളൎച്ചയുണ്ടാവാൻ വയ്യ. സ്ത്രീ വളരെക്കാലം കലാവിമുഖയായിരുന്നിട്ടുണ്ടെങ്കിൽ, അതിന്നു കാരണം അവളുടെ വളരെക്കാലത്തെ അസ്വാതന്ത്ര്യമാകുന്നു. പാശ്ചാത്യവനിതകൾ പൌരസ്ത്യവനിതകളേക്കാൾ

കലാപ്രമുഖകളാണെങ്കിൽ, അതിന്നു കാരണം അവർ ഇവരെക്കാൾ സ്വതന്ത്രകളാണെന്നുള്ളതാണ്. ഈയ്യിടെയായി ഇന്ത്യയിലെ സ്ത്രീകളുടെ ഇടയിലും ഒരു കലാപ്രബുദ്ധതയുണ്ടായിട്ടുണ്ട്; ഇതിന്നുള്ള കാരണവും അവരുടെ നൂതനമായ സ്വാതന്ത്ര്യവാഞ്ഛയല്ലാതെ മററൊന്നുമല്ല.

മഹാകവി ടാഗോറിന്റെ ലോകപ്രസിദ്ധമായ 'വിശ്വഭാരതി' സ്വ്കലാശാലയിൽ രണ്ടുമൂന്നുമാസം ഞാൻ താമസിച്ചിട്ടുണ്ട്. മഹനീയങ്ങളായ ആദർശങ്ങളുടെ പ്രകാശത്താൽ ഉജ്ജ്വലമായ അവിടത്തെ അന്തരിക്ഷത്തിൽ ചില ചില്ലറ കരിമുകിൽക്കീറുകൾ കാണപ്പെട്ടിരുന്നുവെങ്കിലും, ഇന്ന്, ഇവിടെവെച്ച്, കേരളത്തിലെ കൂരിരുളിന്റെ നടുവിൽനിന്നുകൊണ്ട്, ആ കലാലയത്തിലേയ്ക്കു, മനസാ സിംഹാവലോകനം ചെയ്യുമ്പോൾ, അപ്രധാനങ്ങളായ ആ നേരിയ നിഴൽപ്പാടുകളല്ലാ, പൂജനീയങ്ങളായ ആ തേജോനാളങ്ങളാണ് എന്റെ കാഴ്മയിൽ ആവിർഭവിയ്ക്കുന്നതു്. ഭാരതസ്ത്രീകളിൽ നൂതനമായി അങ്കുരിച്ചിട്ടുള്ള ബുദ്ധിപരവും കലാപരവുമായ ഉണർവ്വിന്റെ കേന്ദ്രസ്ഥാനമാവണം ശാന്തിനികേതനമെന്ന് എനിയ്ക്കു തോന്നി. അവിടത്തെ വിദ്യാർത്ഥിനിമാർക്ക് വിദ്യാർത്ഥികളോടൊപ്പം സമനിലയിൽ പെരുമാറുവാനും സരസസംഭാഷണങ്ങളിൽ സമ്മേളിയ്ക്കുവാനും പേടിയോ പരിഭ്രമമോ ഇല്ല. പുരുഷനും സ്ത്രീയും ഒരുമിച്ചു സംഗീതമഭ്യസിയ്ക്കുന്നു, ഒരുമിച്ചിരുന്നു ചിത്രമെഴുതുന്നു. രണ്ടുപേരും ഒരേ നാടകവേദിയിൽക്കയറി നിസ്സങ്കോചം നാടകങ്ങളഭിനയിയ്ക്കുന്നു; ഒരേ നൃത്തവേദിയിൽക്കയറി നിർഭയം നൃത്തമാടുന്നു.

ജ്യോതിർമ്മയമായ ഈ ലോകത്തിൽനിന്നു ഞാൻ കേരളത്തിലേയ്ക്കു മടങ്ങിവന്നപ്പോൾ, എന്റെ ചുററുപാടും ദൃഷ്ടിയ്ക്കു വിഷയീഭവിച്ച കാഴ്ചകൾ ഇന്നും ഞാൻ എന്റെ ചുററുപ്പാടും കാണുന്നവതന്നെ—സ്ത്രീകളുടെ സാമുദായികമായ ഭീരുത്വം, അവരുടെ ബുദ്ധിപരമായ പാരതന്ത്ര്യം, മാമൂലുകളോടു് അവർക്കുള്ള കീഴ്‌വണക്കം, അവരുടെ സംസ്കാരമില്ലായ്മ, അവരുടെ അജ്ഞത, ഈ ദോഷങ്ങളെല്ലാംകൂടി കലാപരമായ ഒരനാസ്ഥയെ അവരിലുളവാക്കുന്നു.

നൃത്തം, അഭിനയം എന്നീ കലകളുടെ വിളഭൂമിയാണു കേരളമെന്നു ഞാൻ കേട്ടിട്ടുണ്ട്; സ്ത്രീകൾക്ക് ഈ രണ്ടുകലകളേയും സംബന്ധിച്ചേടത്തോളം സവിശേഷമായ പ്രാവിണ്യമുണ്ടെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ നാട്യത്തിലും നൃത്തത്തിലും ഒരുപോലെ വിരസകളായിട്ടാണു നമ്മുടെ ഇന്നത്തെ സ്ത്രീകളെ ഞാൻ കാണുന്നതു്. നാടകങ്ങളിൽ പുരുഷന്മാരോടൊപ്പം വേഷംകെട്ടിയഭിനയിക്കുവാൻ അപവാദഭയം അവരെ അനുവദിക്കുന്നില്ല. അപരിഷ്കൃതമായ ഒരു പരിഷ്കാര

ത്തിൻെറ പരിഹാസത്തെ ഭയന്നു കുമ്മിയടിയും കൈകൊട്ടിക്കളിയും അവർ കല്പിച്ചുകൂട്ടി മറന്നിരിക്കുന്നു. മോഹിനിയാട്ടമെന്ന പദം ദുർവ്വൃത്തിക്കുള്ള പര്യായമാണെന്നു വിധിക്കപ്പെട്ടിട്ടുള്ള കാലം കാൽ നൂററാണ്ടിലേറെയായി. എല്ലാററിനും പുറമേ, നാട്യകലയുടെ നർത്തനരംഗവും നൃത്തകലയുടെ നടനരംഗവുമായ കഥകളിയിൽ നടന്മാരും നർത്തകന്മാരും മാത്രമേ ഉള്ളു; നടികളോ നർത്തകികളോ ഇല്ല.

ആട്ടവും അഭിനയവുമെങ്ങിനെയോ, അതുപോലെതന്നെയാണ് കേരളീയ സ്ത്രീകളുടെ സംഗീതവും. ഈ കലയിലും അവക്കു പറയത്തക്കയാതൊരു വൈദഗ്ദ്ധ്യവുമില്ല. ഒരു വ്യത്യാസം മാത്രമുണ്ട്: ആട്ടങ്ങളിൽ ചിലത് അവക്കു പണ്ടുകാലത്തെങ്കിലും അറിയാമായിരുന്നു; സംഗീതം അവക്കു പണ്ടും അറിഞ്ഞുകൂടാ.

ഗുരുനാഥൻ പറഞ്ഞതു് ഉരുവിട്ടു പഠിച്ച് അതിനെ അങ്ങിനെ തന്നെ—സ്വതന്ത്രമായ കലാബോധത്തിൻെറ സ്പർശംപോലുമില്ലാതെ—ആവത്തിക്കുന്നവരാണ് നമ്മുടെ ഗായികമാർ. പെൺകുട്ടികൾ ഇന്നു പാട്ടു പഠിക്കുന്നതു സംഗീതകലയിൽ സമത്ഥകളാവാനല്ല; അതൊരു പഴയ മാമൂലായതുകൊണ്ടു മാത്രമാണ്. എന്നല്ല, സംഗീതം പഠിച്ച പെൺകിടാങ്ങൾക്ക് എളുപ്പത്തിൽ ഭർത്താക്കന്മാരുണ്ടാവുമെന്നും ചില അമ്മമാർ വിശ്വസിക്കുന്നുണ്ട്. പാട്ട്, ഒരു വശീകരണമന്ത്രമെന്നപോലെ, ഉച്ചരിക്കപ്പെടുന്നു. മറെറാരു ഭാഷയിൽപ്പറയുകയാണെങ്കിൽ, സംഗീതം തങ്ങളുടെ ആകർഷകത്വത്തെ വർദ്ധിപ്പിക്കുന്ന ഒരാഡംബരമാണെന്നാണ് നമ്മുടെ ഇടയിലുള്ള മിക്ക സ്ത്രീകളും കണക്കാക്കുന്നതു്: ഉടുപ്പുകളും ആഭരണങ്ങളുമണിയുന്നതുപോലെ അവർ സംഗീതവുമണിയുന്നു. ആ കലയുടെ ആത്മീയമായ മഹിമയെപ്പററി അവക്കറിവുണ്ടായിട്ടില്ല; അതുകൊണ്ടു അവക്കതിൽ വിശ്വാസവുമില്ല. ബാഹ്യമായ ശബ്ദമാധുരിയുടെ മിനുസത്തിൽ അവർ മയങ്ങിപ്പോകുന്നു. തികഞ്ഞ ശില്പസൌഷ്ഠവത്തോടുകൂടി, നിറഞ്ഞ ആത്മാനുഭൂതിയോടുകൂടി, പ്രതിഭാശാലിയായ ഒരു ഗായകൻ ഗാനം ചെയ്യുമ്പോൾ—ഒരേ സമയത്തുതന്നെ മധുരങ്ങളും വേദനാജനകങ്ങളുമായ നാനാതരം ഹൃദയവികാരങ്ങൾക്കടിമപ്പെട്ടു സുഖത്തിനും ദുഃഖത്തിനും മീതേയുള്ള ആ മനോഹരമായ സാന്ദ്രസൌഭാഗ്യത്തിൽ മുഴുകി, സാക്ഷാൽ നാദബ്രഹ്മവുമായി അയാൾ ഐക്യം കൊള്ളുമ്പോൾ—പാട്ടു പഠിച്ച ഇന്നത്തെ കേരളീയവനിത പറയും: "ഹാ, എന്തു ശാരീരം!"

എങ്കിലും എനിക്കു കേരളത്തിലെ സ്ത്രീകളെക്കുറിച്ചു നിരാശയില്ല. മനുഷ്യസമുദായത്തിലെ സ്ത്രീകൾക്കു മുഴുവൻ സംഭവിച്ചുകൊണ്ടിരിക്കുന്ന മാനസികങ്ങളായ പരിണാമങ്ങൾ കേരളത്തിലെ സ്ത്രീകളെമാത്രം സ്പർശിക്കാതിരിക്കുമോ?

# പ്രസിഡന്റ് വി. ജെ. പറേററൽ.

[ടി. ആർ. വാരിയർ ബി. ഏ.]

"പരിതഃസ്ഥിതികൾ ഇപ്രകാരമിരിക്കെ കോൺഗ്രസ്സിന്റെ ന്യായമായ അവകാശവാദത്തെ ആദരിക്കുവാനോ, ബ്രിട്ടനും ഇന്ത്യയ്ക്കും ഒരേതരത്തിൽ ഗുണകരമായ വിധം ഇന്ത്യയുടെകാൎയ്യം തൃപ്തികരമായി പൎയ്യവസാനിപ്പിക്കുവാനോ ബ്രിട്ടീഷുഗവൎമ്മേണ്ട് ആഗ്രഹിക്കുന്നതായി ഞാൻ സംശയിക്കുന്നില്ല. പ്രത്യുത, ഒരു മഹാജനതയുടെ ജന്മസിദ്ധമായ ആഗ്രഹങ്ങളെ തകൎക്കുവാൻ നിൎദ്ദയമായ ഒരു മൎദ്ദനനയമാണു ഗവൎമ്മേണ്ട് അംഗീകരിച്ചിരിക്കുന്നതെന്നു രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ഇന്ത്യയുടെ പരിപൂൎണ്ണമായ ഡോമിനിയൻ പദവിക്കുള്ള അവകാശത്തെ തുറന്നു സമ്മതിക്കുകയും, അപ്രകാരമുള്ള ഒരു ഭരണഘടന രൂപീകരിക്കുന്നതാണ് സമ്മേളനോ(ഒന്നാം സമ്മേളനം)ദ്ദേശമെന്നു വെളിവാക്കുകയും ചെയ്യാത്ത പക്ഷം, സമ്മേളനത്തിൽ പങ്കെടുക്കുവാൻ താൻ കോൺഗ്രസ്സിനെ ഉപദേശിക്കുന്നതല്ലെന്ന മഹാത്മാഗാന്ധിയുടെ വാദം ന്യായപുരസ്സരമാണെന്ന് എനിക്കിതിനാൽ ബോദ്ധ്യമായി. ഈ സ്ഥിതിക്ക്, അഭിമാനകരവും, രാജ്യസ്നേഹപരവുമായ ഏകമാൎഗ്ഗം, ഈ രാജിലേഖനംകൊണ്ടു ഞാനും ഇന്ത്യാഗവൎമ്മേണ്ടും തമ്മിലുള്ള ബന്ധം ഭേദിച്ചു നാട്ടുകാരോടൊന്നിച്ച്, സ്വാതന്ത്ര്യസമരത്തിൽ എനിക്കവകാശമുള്ള സ്ഥാനത്തെ സ്വീകരിക്കുന്നതാണെന്നു ഞാൻ തീൎച്ചയാക്കി." ഏതാണ്ട് ഇപ്രകാരം പൎയ്യവസാനിപ്പിച്ച ഒരു രാജിലേഖനത്താൽ അദ്ധ്യക്ഷപദമുപേക്ഷിച്ച്, തന്റെ ജന്മസിദ്ധാന്തങ്ങളെ അവഗണിച്ച് ജീവിതപ്രവൃത്തികളെ അപൂൎണ്ണതയിൽ പരിത്യജിച്ച്, രാജ്യത്തിന്റെ തല്ക്കാലാവശ്യത്തെ കണ്ടറിഞ്ഞ്, സമരരംഗത്തിലേക്കിറങ്ങിയ പ്രസിഡന്റ് പറേററൽ, മറെറാരു തിരഞ്ഞെടുപ്പിന്നു മുമ്പു കോൺഗ്രസ്സിനു നടന്ന വഴിയെല്ലാം പുറകോട്ടു തന്നെ നടക്കേണ്ടിവരുമെന്നു സംശയിച്ചിരിക്കയില്ല. അഥവാ, സ്വാതന്ത്ര്യസമരഗതി കല്ലോലസമാനമായിരിക്കാം. അദ്ധ്യക്ഷൻ സൎവ്വോപരി ഒന്നുമാത്രം ആഗ്രഹിച്ചു: ഭാരതഭൂമിയുടെ സ്വാതന്ത്ര്യം. അന്ത്യവേളയിൽ ഇത്ര മാത്രം പ്രാൎത്ഥിച്ചു: "മരിക്കുന്നതിനു മുമ്പ്, ഞാൻ ഇന്ത്യയുടെ സത്വരമായ സ്വാതന്ത്ര്യലബ്ധിക്കായി പ്രാൎത്ഥിക്കുന്നു."

"നതിയാദി"ന്നടുത്ത 'കരംസാദ്' എന്ന കുഗ്രാമം കുറെ താഴ്ന്ന കൃഷീവലന്മാരുടെതാണ്. ഇവരിൽ ഒരു പറേററൽകുഡുംബത്തിലാണ് 1873-ൽ വിത്തൽഭായിജാഫർഭായി ജാതനായത്. പുത്രനെ കുലവൃത്തി

യായ കാർഷികവൃത്തികൾ വയലിലേയ്ക്കല്ല, ഇംഗ്ലീഷുപഠനത്തിന്ന് ഒരു പാഠശാലയിലേയ്ക്കാണു പിതാവ് അയച്ചത്. വിജയകരമായ വിദ്യാർത്ഥിജീവിതത്തിന്നുശേഷം, കുറെ ക്ലേശിച്ചാണെങ്കിലും 1903-ൽ നിയമപഠനത്തിന്നായി അദ്ദേഹം ഇംഗ്ലൻഡിലേയ്ക്കുപോയി. നാലുവർഷങ്ങൾക്കുശേഷം ബാരിസ്റ്റർബിരുദം സമ്പാദിച്ചു പാശ്ചാത്യപര്യടനവും കഴിഞ്ഞു മടങ്ങി; ബോംബെ ഹൈക്കോടതിയിലെ ഒരംഗമായി ചേൎന്നു ഗുജറാത്തിൽ പ്രാക്റ്റിസാരംഭിച്ചു. അതേ വർഷത്തിൽതന്നെ അദ്ദേഹത്തിൻെറ പ്രേയസി നിര്യാതയായി.

അഭിഭാഷകവൃത്തിയിൽ പ്രശസ്തിയും പ്രാമാണ്യവും നേടിയെങ്കിലും, ഒരു മികച്ച അഭിഭാഷകനാകുന്നതല്ലായിരുന്നു അദ്ദേഹത്തിൻെറ ആദർശം. തൻെറ പ്രവൎത്തിരംഗം മറ്റൊന്നാണെന്ന് ആദ്യംതന്നെ കണ്ടറിഞ്ഞു. നിലവിലിരിക്കുന്ന ബ്രിട്ടിഷുഭരണസമ്പ്രദായത്തെ അദ്ദേഹം ചെറുപ്പം മുതല്ക്കേ വെറുത്തു. പ്രവൃത്തികൾ പര്യാപ്തമെന്നു ബോധം വന്നതോടുകൂടി അദ്ദേഹം നിയമരംഗത്തിൽനിന്നും നിശ്ശേഷം വിരമിച്ചു. അതു 1914ൽ ആയിരുന്നു. അദ്ദേഹത്തെ ഒന്നാമതായി ബോംബെ നിയമനിൎമ്മാണസഭയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ട വർഷത്തിൽ പറ്റേൽ മഹാത്മജിയുടെ ആദർശങ്ങളിൽനിന്നും, കാൎയ്യപരിപാടികളിൽനിന്നും, ആദ്യം മുതല്ക്കേ വ്യതിചലിച്ചു. കോൺഗ്രസ്സിൽ നൂൽനിൎമ്മാണം നിർബ്ബന്ധമാക്കുന്നതിനെ അദ്ദേഹം അപഹസിച്ചു. നിസ്സഹകരണപ്രസ്ഥാനത്തിൻെറയും, സഹനസമരപദ്ധതിയുടേയും പ്രായോഗികതയെ അദ്ദേഹം സംശയിച്ചു. ആദ്യത്തെ നിസ്സഹകരണപ്രസ്ഥാനത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നില്ല.

അദ്ദേഹം തൻെറ കൃഷിക്കളത്തിൽനിന്നും സാമ്രാജ്യസഭയിലെ അദ്ധ്യക്ഷപദംവരെ കയറിയ പടികൾ ഒന്നൊന്നായി എണ്ണുന്നതു പ്രയോജനശൂന്യമാണ്; പ്രധാനഘട്ടങ്ങൾ വിട്ടുകളയുന്നതു് സാഹസവുമായിരിക്കും.

പൊതുസംരംഭങ്ങളിൽതന്നെ — ഗുജറാത്തിലെ കർഷകരും ഉദ്യോഗസ്ഥന്മാരും തമ്മിലുണ്ടായ ചില ചില്ലറ കലഹങ്ങളിലാകട്ടെ മിൻറോ — മോർലികൌൺസിലുകളിൽ നടത്തിയ വിവിധപ്രവൃത്തികളിലാകട്ടെ — അദ്ദേഹം തൻെറ സ്ഥിരതയും, കാൎയ്യക്ഷമതയും പ്രത്യക്ഷപ്പെടുത്തി.

ഹോംറൂൾ പ്രസ്ഥാനത്തിൻെറ കാലത്താണ് അദ്ദേഹം പിന്നീടു മറ്റെല്ലാപ്രവൃത്തികളേയും രൂപീകരിച്ചിരുന്ന, തൻെറ ദേശീയബുദ്ധിയെ പ്രദർശിപ്പിച്ചുതുടങ്ങിയതു്. അചിരേണ അദ്ദേഹം ബോമ്പയിലെ രാഷ്ട്രീയലോകത്തിൻെറ നേതാവായി.

1918-ം 19-ം വർഷങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിൽ

വളരെ വിലയേറിയവയാണ്. കോൺഗ്രസ്സിൻെറ പൊതുകാര്യദശിയായിരുന്നതിന്നു പുറമേ, 'മോംട്ഫോഡ്' ഭരണപരിഷ്കരണബില്ലിനെ പരിശോധിച്ചിരുന്ന സംയുക്തകമ്മിററിക്കുമുമ്പിൽ കോൺഗ്രസ്സിന്നുവേണ്ടി മൊഴി കൊടുക്കുന്നതിനും മററും, പലതവണയും ഇംഗ്ലണ്ടിലേയ്ക്കു യാത്രചെയ്തു. സംഭവബഹുലങ്ങളായ ഈ വഷങ്ങളിൽ തൻെറ സഹപ്രവൎത്തകരൊന്നിച്ചു വിലാത്തിയിൽ വിലയേറിയ പല പ്രചാരണവേലകളും അദ്ദേഹം നടത്തി. ഇന്ത്യയുടെ അവശതകളേയും ആവശ്യങ്ങളേയും ബ്രിട്ടീഷു സഹജീവികളോട് അദ്ദേഹം തുറന്നുപറഞ്ഞു. സവ്വോപരി, ബ്രിട്ടനിലും ഐല്ലൻഡിലുമുള്ള സുപ്രസിദ്ധ രാജ്യതന്ത്രജ്ഞരുടെ സാഹചര്യംകൊണ്ടും സ്വപരിചയംകൊണ്ടും പ്രാതിനിദ്ധ്യഭരണരീതിയും, പാല്ലമെൻറ് ചടങ്ങുകളും അദ്ദേഹം സവിസ്തരം അഭ്യസിച്ചു. ഗംഗാധരതിലകരുടെ അഭിപ്രായങ്ങളോട് അധികമധികം അടുത്തുവന്നു് അദ്ദേഹം മഹാത്മജിയിൽനിന്നും അകന്നു.

1920-ൽ നിസ്സഹകരണപ്രസ്ഥാനമാരംഭിച്ചു; അതു പറേറലിൻെറ ഭാവികാര്യപരിപാടിയെ ശക്തിയായി ബാധിച്ചു. നിസ്സഹകരണത്തിൽ അദ്ദേഹം വിശ്വസിച്ചില്ല, അതിനാൽ രാഷ്ട്രീയജീവിതത്തിൽനിന്നു തല്ക്കാലം വിരമിച്ചു.

ഇക്കാലത്തു് ബോംബെ മുനിസിപ്പാൽ കോർപറേഷനിലെ ഒരംഗമായും, പിന്നീട് 1924ൽ അദ്ധ്യക്ഷനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. പുതിയ അദ്ധ്യക്ഷനുകീഴിൽ ബോംബെനഗരസഭ ബഹുമാന്യമായ പ്രശസ്തി നേടി. നഗരസഭകൾ ഔദ്യോഗികലോകത്തെ വണങ്ങുന്ന സമ്പ്രദായം ഒന്നാമതായി അദ്ദേഹം ഭേദിച്ചു. വൈസറോയി റീഡിംഗ് പ്രഭുവിന്നു് ഒരു മംഗളപത്രം സമപ്പിക്കുവാൻ സഭാംഗങ്ങൾ ചെയ്തു ശിപാൎശയെപ്പോലും അദ്ദേഹം നിരസിച്ചു.

നിസ്സഹകരണപ്രസ്ഥാനത്തിൻെറ ശക്തി ക്ഷയിച്ചതോടുകൂടി രാജ്യശക്തി ഒരു പുതിയ സരണിയിൽക്കൂടെ ഒഴുകി. മോത്തിലാൽ നെഹറുവിൻെറ നേതൃത്വത്തിൽ സ്വരാജ്യകക്ഷി രൂപവൽകരിച്ചു. നിയമസഭയെ സ്വാധീനിക്കുന്നതും, തദ്വാരാ അനിയന്ത്രിതമായ സ്വേഛാഭരണത്തിന്നു് ഒരു തടസ്ഥമായി നില്ക്കുന്നതുമായിരുന്നു പുതിയ കക്ഷിയുടെ പ്രധാന ഉദ്ദേശങ്ങൾ. അതിൻെറ മസ്തിഷ്കം ശ്രീ പറേറൽ ആയിരുന്നു.

1923-ലെ സാമ്രാജ്യസഭാതിരഞ്ഞെടുപ്പിൽ സ്വരാജ്യകക്ഷി വിജയകരമായി മത്സരിച്ചു്, ബോംബെസംസ്ഥാനത്തിൻെറ ഉത്തരദേശം, പട്ടേലിനെ സാമ്രാജ്യസഭയിലേയ്ക്കു് അയച്ചു. 1925 ൽ ഒന്നാമതായി ഒരു ഇന്ത്യക്കാരൻ വിത്തൽഭായി—സാമ്രാജ്യസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു.

1927ൽ അദ്ദേഹം വീണ്ടും തൽസ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു.

സാമ്രാജ്യസഭാദ്ധ്യക്ഷനെന്ന നിലയ്ക്കാണ് ലോകം ഇന്നദ്ദേഹത്തെ അറിയുന്നതു്. ചരിത്രവും അപ്രകാരംതന്നെയിരിക്കും. തന്നിലുള്ള അന്തർല്ലീനശക്തികളെ പ്രദർശിപ്പിക്കുവാനുള്ള അവസരവും, സ്ഥാനവും ഇപ്പോൾമാത്രമേ അദ്ദേഹത്തിനു ലഭിച്ചുള്ളു. ഉടനെതന്നെ തന്റെ ഭാവിനയം അദ്ദേഹം വെളിപ്പെടുത്തി. അദ്ദേഹം അസംബ്ളിയിൽപറഞ്ഞു: "എന്നെസ്സംബന്ധിച്ചിടത്തോളം ഒരു കാര്യം ഞാൻ ഊന്നിപ്പറയാം. എനിക്കു സാധിക്കുമെങ്കിൽ ഈ ഗവർമ്മേണ്ടിനെ അതിന്റെ ഓരോ ദശയിലും ഓരോ പ്രവൃത്തിയിലും ഞാൻ തടയും. ..................
ഇതു് ഒരു മഹാജനസമരത്തിനുള്ള സംരംഭം മാത്രമാണ്, അവിടെയ്ക്കുള്ള ഒരു പടിമാത്രമാണ്." ഈ നയത്തെ അദ്ധ്യക്ഷൻ അക്ഷരംപ്രതി അനുവർത്തിച്ചു. ഉദാഹരണങ്ങൾക്ക് അധികം തിരയണമെന്നില്ല. ഗവർമ്മേൻറ് അവതരിപ്പിച്ച 'പബ്ളിക്ക്സേഫ്ടി ബിൽ' നിരസിച്ചതും സർ ബേസിൽബ്ളാക്കററ് അവതരിപ്പിച്ച പുതിയ റിസർവ്വ്ബാങ്ക്ബില്ലിനെ തടഞ്ഞതും, ഒന്നിലധികം തവണ അദ്ദേഹത്തിന്റെ ദുരധികാരപ്രവൃത്തികൾക്ക് വൈസറോയിയോടു് ക്ഷമായാചനമാവശ്യപ്പെട്ടതും അസംബ്ളിയുടെ പരിധിക്കുള്ളിൽ ഗവർമ്മേണ്ടുശാസനത്തിന്നെതിരായി പോലീസിനു് പ്രവേശം നിരസിച്ചതും ഇന്നും ഭാരതത്തിന്റെ സ്മരണയിൽ നിന്നു മാഞ്ഞിട്ടില്ല.

1930-ൽ വീണ്ടും നിസ്സഹകരണപ്രസ്ഥാനം അതിന്റെ മൂദ്ധന്യത്തിലെത്തി. അസംഖ്യം ഭാരതീയർ തടവുമുറികളിൽ അടയ്ക്കപ്പെട്ടു. നഗ്നമായ മർദ്ദനനയം ഗവർമ്മേണ്ടും സ്വീകരിച്ചു. ഏതാണ്ടേകദേശം ഏകമായ ദുരവസ്ഥ രാജ്യമൊട്ടുക്കു വ്യാപിച്ചു. പ്രസംഗവേദിയിൽനിന്നു് ന്യായംപറയേണ്ടകാലം അതിക്രമിച്ചെന്നു് അദ്ധ്യക്ഷനു മനസ്സിലായി. അദ്ദേഹം സ്വസ്ഥാനം രാജിവെച്ചു് സമരത്തിനൊരുങ്ങി.

ആഗസ്റ്റ് മാസത്തിൽ അറസ്ററചെയ്തു് അദ്ദേഹത്തെ ആറു മാസത്തേയ്ക്കു കാരാഗൃഹത്തിലേയ്ക്കയച്ചു. കാലാവധിക്കു മുമ്പുതന്നെ ഗൌരവതരമായ ദേഹാസ്വാസ്ഥ്യത്താൽ വിമുക്തനായ പടേൽ ദേഹസുഖാർത്ഥം യൂറോപ്പിലേയ്ക്കുപോയി. ഒരു സംവത്സരത്തിനുശേഷം വീണ്ടും ഇരുമ്പഴികൾക്കു പിന്നിൽ ഇട്ടടയ്ക്കപ്പെടുവാൻമാത്രം അദ്ദേഹം ഇന്ത്യയിലേയ്ക്കുവന്നു. പക്ഷെ താമസിയാതെ ദേഹാസ്വാസ്ഥ്യം വീണ്ടും അദ്ദേഹത്തെ മോചിപ്പിച്ചു. ഇതു് 1932 മാർച്ച്മാസത്തിലാണ്. ഉടനെതന്നെ മാതൃഭൂമിയോടു് അവസാനയാത്രയും പറഞ്ഞു് അദ്ദേഹം പാശ്ചാത്യദേശത്തേയ്ക്കു കപ്പൽകയറി. ഏകദേശം ഇരുപതുമാസത്തോളം

അമേരിക്കയിലും, യൂറോപ്യൻരാജ്യങ്ങളിലും, തൻെറ മാതൃഭൂമിയുടെ കഷ്ടതകളും പൂർണ്ണസ്വാതന്ത്ര്യാവകാശവും, ബ്രിട്ടൻെറ ഹൃദയശൂന്യതയും, അന്യായഭരണരീതിയും ജനങ്ങളെ ധരിപ്പിച്ചും, ഊർജ്ജിതമായ സ്വാതന്ത്ര്യസമരത്തിനുള്ള ഒരു പദ്ധതിയെക്കുറിച്ച് ചിന്തിച്ചും അദ്ദേഹം 1933 ഒക്ടോബർ 22-ാംനു- സർവ്വരാജ്യസങ്കേതമായ സ്വിററ്സർലണ്ടിൻെറ സ്വാതന്ത്ര്യവായുവിൽ തൻെറ അന്ത്യശ്വാസത്തേയും ലയിപ്പിച്ചു. ഒരു ആജന്മയോദ്ധാവായ അദ്ദേഹം സമരം ചെയ്തു ജീവിച്ചു; സമരം ചെയ്ത് മരിച്ചു. ഭാരതഭൂമിയുടെ മഹാത്മാക്കളിൽ പലക്കും കാരാഗൃഹങ്ങളിൽ കിടന്ന് നശിക്കേണ്ടിവന്നതു് അത്ഭുതാവഹമായ വിധിവൈപരീത്യംതന്നെ. ലോകമാന്യതിലകൻ, ദേശബന്ധുദാസ്, ലജപതിറായി, മോത്തിലാൽനെഹറു; സെൻഗുപ്ത, വിത്തൽഭായിപട്ടേൽ—എല്ലാവരും ഒരേ ഒരു ഭരണയന്ത്രത്തിന്നിരകളായിത്തീൎന്നു.

ഒരു ദാസിൻെറ ഉന്നതാദശമോ, ഒരു മോത്തിലാലിൻെറ അപാരബുദ്ധിവൈഭവമോ, ഒരു ലജപതിറായിയുടെ പുളകോൽഗമകാരിയായ വചഃപ്രസരമോ ഒരു രങ്കസ്വാമി അയ്യങ്കാരുടെ ഭരണതന്ത്രജ്ഞാനമോ വിത്തൽഭായിക്കില്ലെങ്കിലും, ഇവക്കൊക്കും അദ്ദേഹത്തിൻെറ നശീകരണബുദ്ധിയോ, നിരോധനശക്തിയോ ഇല്ലതന്നെ. മഹാത്മജി ഒരവസരത്തിൽ പറഞ്ഞു: 'വിത്തൽഭായിക്ക് ഒരു ഭരണയന്ത്രം കൊടുക്കുക, അദ്ദേഹം അതിനെ ചെറുകഷണങ്ങളാക്കി ഭേദിക്കും' എന്ന്. ഒരു രാഷ്ട്രീയനയകോവിദൻ, സമത്ഥനായ വാദപ്രതിവാദി, ജന്മനാ പ്രാതിനിദ്ധ്യഭരണതന്ത്രജ്ഞൻ, ഒരിക്കലും കുഴങ്ങാത്ത ഒരു യോദ്ധാവ് മൂത്തീകരിച്ച ഒരു രാഷ്ട്രീയപ്രതിഷേധബുദ്ധി—എല്ലാം അദ്ദേഹത്തെ ഭാരതത്തിൻെറ സ്വാതന്ത്ര്യസമരയോദ്ധാക്കളിൽ അദ്വിതീയനാക്കി.

അദ്ദേഹം ഒരു മനുഷ്യമിത്രമാണ്; കുലീനനും, നിർദ്ധനനും അദ്ദേഹത്തിന്നു സമാനരാണ്. നിരാലംബരായ പാവങ്ങളിൽ അതിരററ ധമ്മബുദ്ധി; നൈസർഗ്ഗികമായ മഹാമനസ്കത, ഗൌരവതരങ്ങളായ തെററുകൾ പൊറുത്തു മാപ്പുകൊടുക്കുന്ന ശീലം, ഇവ അദ്ദേഹത്തിൽ സ്ഥിരപ്രതിഷ്ഠിതങ്ങളായിരുന്നു.

ആഭ്യന്തരസംഭവങ്ങൾ അദ്ദേഹത്തിൻെറ മനസ്സിനെ ചഞ്ചലപ്പിച്ചില്ല. വിത്തൽഭായി അന്യരിൽനിന്നുള്ള പ്രശംസയെ ആവശ്യപ്പെടാത്ത ഒരാത്മാഭിമാനിയായിരുന്നു. പ്രശംസ അദ്ദേഹത്തെ ആനന്ദിപ്പിച്ചില്ല; ആക്ഷേപം വ്രണപ്പെടുത്തിയുമില്ല. അദ്ദേഹത്തിൻെറ ശാസനാപരമായ സാന്നിദ്ധ്യം, ഉറച്ച സംസാരം, പതിഞ്ഞ മട്ട്, എല്ലാം അദ്ദേഹത്തിൻെറ നിസ്സാരവാക്കുകൾക്കുപോലും ഒരു പ്രതാപവും ശാസനാബലവും നല്കി.

അദ്ദേഹത്തിൻെറ യുവഹൃദയം ദേഹത്തോടുകൂടിമാത്രമേ നശിച്ചുള്ളൂ. പക്ഷെ, മനസ്സ് വികാരകലുഷമായിരുന്നില്ല. ഇതാണ് അദ്ദേഹത്തിൻെറ വിജയരഹസ്യം. രാജ്യതന്ത്രം ഒരു തമാശയായല്ല, ഒരു സിദ്ധാന്തമായാണ് അദ്ദേഹം കരുതിയതു്.

സാമ്രാജ്യസഭാദ്ധ്യക്ഷനാകുന്നതുവരെ അദ്ദേഹത്തിൻെറ മഹത്വം മങ്ങിക്കിടന്നിരുന്നു. അതുവരെ ഒരു നശീകരണശക്തിയായിരുന്ന അദ്ദേഹം പെട്ടെന്ന് ഒരു ഭരണശക്തിയായി മാറി. സാമ്രാജ്യസഭയ്ക്ക് ശക്തിയും വിലയും ശാസനാബലവും സ്വാധീനശക്തിയും നൽകേണ്ടതു് തൻെറ ചുമതലയായി അദ്ദേഹം കരുതി. തൽഫലമായി അദ്ദേഹത്തിനു കീഴിൽ അദ്ധ്യക്ഷസിംഹാസനം അപൂർവ്വമായ പ്രാബല്യം നേടി. ഈ നേട്ടം തന്നെ അദ്ദേഹം ഇന്ത്യൻസ്വാതന്ത്ര്യത്തിന്നു ചെയ്ത ഒരനശ്വരസേവനമായി.

ഒരദ്ധ്യക്ഷനുവേണ്ട നിരവധി ഗുണങ്ങൾ അദ്ദേഹത്തിലുണ്ടായിരുന്നു. പരിഷ്കൃത മനസ്സ്, നിഷ്പക്ഷത, ധൈര്യം, ഗാംഭീര്യം—എല്ലാം അദ്ദേഹത്തിന്ന് ജന്മസിദ്ധങ്ങളായിരുന്നു. സൌമ്യതയ്ക്ക് ഭരിക്കുവാൻ സാധിക്കുമെന്നും, പ്രേരണയ്ക്ക് കീഴടക്കുവാൻ സാധിക്കുമെന്നും അന്യാദൃശമായ വിധത്തിൽ അദ്ദേഹം കാണിച്ചുതന്നു. വിത്തൽഭായിയുടെ ക്ഷമാശീലവും, ദയാബുദ്ധിയും സൽസ്വഭാവവും അദ്ദേഹത്തെ സഭാംഗങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കർഹനാക്കി.

ഇപ്രകാരമുള്ള ഒരു സാമ്രാജ്യസഭാദ്ധ്യക്ഷൻ ഭാരതത്തിന്ന് നഷ്ടമായി. ഇന്നത്തെ ഭാരതഭൂമിക്ക് ഈ സ്മരണ പ്രത്യേകം മർമ്മഭേദകമാണ്. സാമ്രാജ്യസഭാതിരഞ്ഞെടുപ്പിൻെറ കോലാഹലമാണ് ചുററപാടും നാം കേൾക്കുന്നതു്. ഭാരതം ശത്രുവിൻെറ പാളയത്തിൽ കടന്നു പൊരുതുവാൻ ഭാവിക്കുകയാണ്. ഈ സന്ദർഭത്തിൽ ഏതൊരു സ്വരാജ്യസ്നേഹിയും ഇങ്ങിനെ വിചാരിക്കും: നമ്മെ നയിക്കുവാൻ "അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ!"

# ഹിന്ദുമതത്തിൻെറ ഭാവി. *

[പി. സുഭദ്ര അമ്മ.]

ഹിന്ദുമതത്തിൻെറ ഭാവി എന്തു്? ഹിന്ദുമതത്തിനു ഭൂതകാലമേ ഉള്ളൂ, ഭാവിയോ, വത്തമാനമോ ഇല്ല എന്നു ചിലർ വിചാരിക്കുന്നുണ്ടെന്നു് ആരംഭത്തിൽതന്നെ എനിക്കു പറയേണ്ടിയിരിക്കുന്നു. ഹിന്ദുമതത്തെ കഴിയുന്നത്ര പ്രാചീനമായ രൂപത്തിൽ വച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നവരും അതിൻെറ ആധുനികമായ പരിഷ്ക്കാരവാസനകളിൽ വ്യസനിക്കുന്നവരും ആയ ആ ജനങ്ങൾ നിഷ്ക്കളങ്കന്മാരാണു്, ഭക്തന്മാരാണു്, നല്ലവരാണു്. പക്ഷേ, ഭൂതകാലത്തിൽ ജീവിക്കുന്നതിനു് ഒരു പ്രത്യേകമായ ആനന്ദം അവക്കുള്ളതായി തോന്നുന്നു. വ്യക്തിയുടേയും സമുദായത്തിൻേറയും ജീവിതത്തെ ഭവിഷ്യദ്വത്തമാനങ്ങളെ അകത്തി ഭൂതകാലം സ്വാധീനമാക്കുന്ന ഒരു ഘട്ടമുണ്ടു്. വൃദ്ധന്മാർ ഭൂതകാലത്തിൽ ജീവിക്കുന്നതിനു് ആഗ്രഹിക്കുന്നവരാണെന്നു പ്രസിദ്ധമാകുന്നു. പഴയ ജനവഗ്ഗങ്ങളുടേയും സ്ഥിതി അതാണു്.

ഹിന്ദുമതം താദൃശമായ വാദ്ധക്യലക്ഷണങ്ങൾ പ്രദശിപ്പിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളിൽനിന്നു ശക്തിമത്തായ ഒരു നിഷേധം ഉത്തരമായി ലഭിക്കുന്നതിനു് ഇങ്ങനെ ഒരു ചോദ്യം ചോദിച്ചാൽ മതി എന്നു് എനിക്കു നിശ്ചയമുണ്ടു്. വാദ്ധക്യത്തിൻെറ സജീവമായ ഒരു ദൃഷ്ടാന്തമായിത്തീരണം അതെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടാവില്ല, നിശ്ചയംതന്നെ. എന്നാലും ആ മതത്തിനു നവീനമായ ഒരു ജീവനും ശക്തിയും നൽകുവാനുള്ള ഉപായം കണ്ടുപിടിക്കുന്നതിനു നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

ശക്തിമത്തായ വളച്ചയുടേയും നാശത്തിൻേറയും ലക്ഷണങ്ങൾ മൃഗങ്ങളിലും സസ്യങ്ങളിലും വ്യക്തമായിക്കാണാം. പ്രകൃതിയുടെ വിഭവങ്ങളെ ശരീരത്തിൻെറ പോഷണത്തിനു വിനിയോഗിക്കുവാനുള്ള ശക്തി സചേതനമായ സസ്യത്തിനും മൃഗത്തിനും സ്വാധീനമാണു്. ജീവസന്ധാരണത്തിനു് ആവശ്യമായ പോഷകാംശങ്ങൾ ജീവികൾ ഭക്ഷണസാധനങ്ങളിൽനിന്നെന്നപോലെ ചെടികൾ മണ്ണിൽനിന്നു വലിച്ചെടുക്കുന്നു. ആരോഗ്യപൂണ്ണമായ ഒരു ജീവിതത്തിൻെറ പ്രധാനസ്വഭാവം ജീവിതാവശ്യത്തിന്നനുസരിച്ച പ്രകൃതിശക്തികളെ പാകപ്പെടുത്തുവാനും രൂപപ്പെടുത്തുവാനും ഉള്ള ശക്തിയാണെന്നു് ഇതിൽനിന്നു് ഊഹിക്കാം.

---

* വേദാന്തകേസരിയിൽനിന്നു്.

"പരിതഃസ്ഥിതിക്കനുസരിച്ച ജീവിതത്തെ രൂപവൽക്കരിക്കുക" എന്ന സിദ്ധാന്തം ഇതിന്റെ അബദ്ധമായ ഒരു വ്യാഖ്യാനം മാത്രമാകുന്നു. തനിക്കനുരൂപമായ വിധത്തിൽ പരിതഃസ്ഥിതിയെ ആക്കിത്തീർക്കുകയാണു വേണ്ടതു്. പ്രകൃതി നമ്മുടെ അടിമയായിരിക്കണം; നാം പ്രകൃതിക്കു കീഴ് വണങ്ങരുതു്. ജീവിതം പരിതഃസ്ഥിതിയുടെ വിജയമാണു്, പരിതഃസ്ഥിതിക്കു് അനുരോധമായുള്ള രൂപവൽക്കരണമല്ല. പ്രകൃതിയെ ജയിക്കുക, അവൾക്കു കീഴടങ്ങരുതു്. അതാണു ജീവിതസിദ്ധാന്തം. ജീവിതത്തിന്റെ പരിണാമം പ്രകൃതിയുടെ ഹിതത്തെ മാത്രം അവലംബിക്കുന്ന ഒരു പ്രവൃത്തിയല്ല; ആത്മശക്തിക്കനുസരിച്ചുള്ള സൃഷ്ടിപരമായ ഒരു പരിവർത്തനമാകുന്നു.

ആദ്ധ്യാത്മികമായ മനോഭാവംകൊണ്ടു നമുക്കു ലേശംപോലും നാശം സംഭവിച്ചിട്ടുണ്ടെന്നു് ഒരിക്കലും വിചാരിക്കരുതു്. നേരെവിപരീതമായ കാരണത്താലാണു നമുക്കു ദോഷം സംഭവിച്ചിട്ടുള്ളതു്. ആദ്ധ്യാത്മികത നശിച്ചിരിക്കുന്നു. നാം നിശ്ചേഷ്ടമായ നിരുപയോഗപദാൎത്ഥങ്ങളുടെ അവസ്ഥയിലെത്തിയിരിക്കുന്നു. നാശത്തിനു കാരണം ഇതാണു്. ഗീതയിൽ ഭഗവാൻ പറയുന്നതും ഇതാണു്. "ക്ലൈബ്യം മാസ്മഗമഃ പാൎത്ഥ." അധൎമ്മത്തിനു യാതൊരു പ്രതിഷേധവും കൂടാതെ തലചാച്ചുകൊടുക്കാതിരിക്കുകയാണു് ആദ്ധ്യാത്മികതയുടെ ലക്ഷണം. അധൎമ്മവിജയമാണു് അതിന്റെ ആദൎശം.

ഇതാണു് അഹിംസയുടെ ശരിയായ രൂപം. അധൎമ്മത്തെ സഹിക്കുകയല്ല, എതിൎക്കുകയാണു് അഹിംസ. അധൎമ്മകാരിയെ നിഗ്രഹിച്ചല്ല, സംസ്കരിച്ചാണു് അധൎമ്മധ്വംസം സാധിക്കേണ്ടതു്. തിന്മയെ എതിൎക്കുവാനുള്ള ആയുധം തിന്മയല്ല, നന്മയാണു്. അഹിംസ അധൎമ്മത്തെ സഹിക്കുകയില്ല, അധൎമ്മം ഉന്മൂലനത്തിനു് അത്യുത്തമവും സൂക്ഷ്മവും ആയ ഉപായം സ്വീകരിക്കുന്നു.

ശക്തിമാന്മാൎക്കല്ലാതെ അഹിംസാപരിശീലനം സാദ്ധ്യമല്ല. അഹിംസ ദൌർബ്ബല്യജനകമാണെന്നു വിചാരിക്കുന്നതിൽ പരമായ അബദ്ധമില്ല. ദൗൎബ്ബല്യവും അഹിംസയും വിരുദ്ധഗുണങ്ങളാകുന്നു. അഹിംസയിൽ രണ്ടു സംഗതി അന്തൎഭവിക്കുന്നു: ഹിംസിക്കുവാനുള്ള ശക്തി, അതു ആത്മശക്തിക്കു നേരെ വിരുദ്ധമാണെന്നുള്ള ബോധം ആത്മീയ ശക്തിയിലുള്ള അചഞ്ചലമായ വിശ്വാസമാണു് ശത്രുക്കളെ ഹിംസിക്കുന്നതിനുള്ള ആഗ്രഹത്തിൽനിന്നു നമ്മെ വിരമിപ്പിക്കുന്നതും സ്നേഹംകൊണ്ടു് അവരെ നന്നാക്കുവാൻ പ്രേരിപ്പിക്കുന്നതും. ഹിന്ദുമതം സജീവമായ ഒരു ശക്തിയായി പരിണമിക്കണമെങ്കിൽ വിധിക്കു സസ

ന്തോഷം തല ചാച്ചുകൊടുക്കുന്ന ഇന്നത്തെ മനോഭാവം തീരെ പരിവർജ്ജിക്കണം. ഭവിതവ്യത എന്ന വാക്കുതന്നെ നാം ഉപേക്ഷിക്കണം. ആത്മാവിന്റെ അപജയം ഒരു വിധത്തിലും സമ്മതിക്കാത്ത ആചാര്യവിവേകാനന്ദന്റെ ആ മഹനീയമനോഭാവമാണ് ഇന്നു നമുക്ക് അത്യന്താപേക്ഷിതം. ഭാരതം ഉണർന്നെഴുന്നേല്ക്കട്ടെ! ആദ്ധ്യാത്മികശക്തികൊണ്ടു ദിഗ്വിജയം ചെയ്യട്ടെ! ഇതായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. ഭാരതീയ ആശയഗതികൊണ്ടു ലോകവിജയം ചെയ്യുകയാണു നമ്മുടെ ശക്തിമത്തായ ദേശീയജീവിതത്തിന്റെ പരമലക്ഷ്യം." നമ്മളെ രക്ഷിക്കുന്നതിനു സ്വീയമായ സംസ്കാരത്തിന്റെ ശക്തിയിലും ജീവിതത്തിന്റെ ഈ പരമമായ ഉദ്ദേശത്തിലും ഉള്ള പ്രബലമായ വിശ്വാസത്തിനുമാത്രമേ സാധിക്കൂ.

നൂതനമായ സൃഷ്ടിസാമർത്ഥ്യത്തോടുകൂടിയതായിത്തീരുന്ന പക്ഷം ഹിന്ദുമതത്തിനും സജീവവും സപ്രയോജനവുമായിത്തീരും. നവനവങ്ങളായ പ്രമേയങ്ങളെ അതിന് അഭിമുഖീകരിക്കേണ്ടതായി വരാം. നവനവങ്ങളായ ഉപായങ്ങളാൽ ആ സന്ദർഭങ്ങളിൽ വിജയം പ്രാപിക്കുവാനുള്ള ഒരു നില അതിനുണ്ടാവണം. നൂതനങ്ങളായ സന്ദർഭങ്ങൾക്ക് അനുരോധമായി വർത്തിക്കുവാനുള്ള ജീവശക്തിയാണു ഹിന്ദുമതത്തിനു് ആവശ്യം. മതത്തിന്റെ വേഷത്തിൽ വിഹരിക്കുന്ന അന്ധവിശ്വാസങ്ങളേയും അഹേതുകങ്ങളായ പൂർവ്വബോധങ്ങളേയും പരിത്യജിക്കണം. "അയിത്തം" ഉപേക്ഷിക്കണം. ഹൈന്ദവസമുദായത്തിന്റെ ഈ ദോഷത്തെപ്പററി സ്വാമിവിവേകാനന്ദൻ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്: "അചഞ്ചലമായ മതവിശ്വാസത്തോടുകൂടിയവരായിരിക്കണം നാം. പക്ഷെ അസ്പൃശ്യതയെ അതിന്റെ ഒരംഗമായി അംഗീകരിച്ചുകൂടാ. അതു ഹിന്ദുമതമല്ല. നമ്മുടെ യാതൊരു ഗ്രന്ഥത്തിലും അയിത്തത്തെപ്പററി പ്രതിപാദിച്ചിട്ടില്ല; രാഷ്ട്രത്തിന്റെ ശക്തിക്കു വലരെക്കാലമായി പ്രതിബന്ധമായിത്തീരത്തക്കവണ്ണം സനാതനധർമ്മത്തിനു വിപരീതമായി വന്നുചേർന്നിട്ടുള്ള ഒരന്ധവിശ്വാസം മാത്രമാണ് അതു്."

യഥാർത്ഥമായ വിലയോടുകൂടിയ എന്തും പാശ്ചാത്യരിൽനിന്നു സ്വീകരിക്കുവാൻ നാം വിമുഖരാവരുതു്. പാശ്ചാത്യപരിഷ്കാരത്തിന്റെ ഒരു സ്വാംശഗ്രാഹിയന്ത്രം ആയിത്തീരുകയാണു ഭാരതഖണ്ഡത്തിന്റെ അഭ്യുദയത്തിന് ഏകമാർഗ്ഗം എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അതിൽപരം ഭീമമായ ഒരു പ്രമാദം നമുക്കു ഉണ്ടാവാനില്ല. ജീവിതത്തെ സംബന്ധിച്ചുള്ള ഹൈന്ദവാദർശം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നതുകൊണ്ടു മാത്രമല്ലാതെ നമുക്കു ബഹുമാനം നേടാമെന്നു വിചാരിക്കേണ്ട.

ജീവിതത്തെ സംബന്ധിച്ച നമുക്കുള്ള ആശയങ്ങളും ആദൎശങ്ങളും ലോക സമക്ഷം സധൈര്യം സമപ്പിക്കുന്നതിനു നമ്മുടെ ദാസമനോഭാവം മാത്ര മാണു പ്രതിബന്ധമായിരിക്കുന്നതു്. പാശ്ചാത്യലോകത്തിനു് അതു ആവശ്യമില്ലെന്നോ, തന്നിമിത്തം തദ്ദേശനിവാസികൾ അതിനു നിന്ദാ പൂർവ്വം നിരസിക്കുമെന്നോ സംശയിക്കേണ്ട. സത്യം ലോകത്തിനു് എന്നും ആവശ്യമാണു്. പാശ്ചാത്യലോകം അതിൻെറ അനുഭവത്തിനു വിഷയ മായ സത്യത്തെ വിളംബരം ചെയ്യുന്നതിനു വിമുഖമായിരുന്നിട്ടില്ല, അതിൻെറ ഫലം നമുക്കു അറിവുള്ളതാണല്ലോ. ലോകം അതിനെ അംഗീകരിച്ചു; പാശ്ചാത്യർ അതുകൊണ്ടു ലോകത്തെ ജയിക്കുകയും ചെയ്തു. കേവലം രാജാധികാരപരമായ ഒരു വിജയമല്ല പാശ്ചാത്യൎക്കു ലോകത്തിൽ സിദ്ധിച്ചിട്ടുള്ളതു്. പാശ്ചാത്യമായ ആശയഗതി ലോക ത്തിൻെറ ആത്മാവിനെക്കൂടി അധീനമാക്കിയിരിക്കുന്നതിനാൽ ആത്മീയ വിജയവും സാധിതപ്രായമായിട്ടുണ്ടു്.

പരിഷ്കൃതമായ ഭൂവിഭാഗത്തെ മുഴുവൻ ഭാരതീയമായ ആശയ ഗതി അധീനമാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. പൌരസ്ത്യമായ ആദൎശംകൊണ്ടു് ഏഷ്യാഖണ്ഡത്തെ മുഴുവൻ ജയിക്കുവാനുള്ള പ്രയത്ന ത്തിൻെറ അടിക്കല്ലിട്ടതു മഹാനായ അശോകനാണു്. വിദൂരസ്ഥിത മായ ചൈനാവരെ അംഗീകരിച്ച വിശിഷ്ടമായ ബുദ്ധമതം ആ ചക്രവ ൎത്തിയുടെ പ്രയത്നം എത്രത്തോളം സഫലമായെന്നു വിശദമാക്കുന്നു. ധീരധീരമായി സത്യപ്രഖ്യാപനം ചെയ്യുന്നതിനു സന്നദ്ധയാകുന്ന പക്ഷം ഭാരതമാതാവു് ഒരിക്കൽക്കൂടി ആദ്ധ്യാത്മികമായ ലോകവിജയം സാധിച്ചു് ആരാദ്ധ്യമായ പൂൎണ്ണപദവി ഇനിയും പ്രാപിക്കാതിരിക്കുക യില്ല.

"നായമാത്മാബലഹീനേന ലഭ്യഃ" ആത്മസാക്ഷാൽക്കാരം ബലഹീനനു സാദ്ധ്യമല്ലതന്നെ. ദൌർബ്ബല്യം സാന്മാൎഗ്ഗികമായ ശക്തിയെ മാത്രമല്ല പ്രജ്ഞാപ്രാഭവത്തെയും നശിപ്പിക്കുന്നതാണു്. ആദ്ധ്യാത്മിക മായ ജീവിതത്തിനു് അനുഃരാധമായിരിക്കുന്നതു നിർഭയമായ സത്യാന്വേ ഷണം മാത്രമാകുന്നു.

പാശ്ചാത്യരെ അടിമതപത്തോടുകൂടി അനുകരിക്കുന്നതുകൊണ്ടല്ല, ആത്മസത്യങ്ങളെ നിർഭയമായി വീണ്ടും വിളിച്ചു പറയുന്നതുകൊണ്ടാണു ഭാരതഖണ്ഡത്തിനു നൂതനവും ശക്തിയുക്തവും ആയ ജീവിതം ഉണ്ടാവുക എന്നു് എത്രതവണയാണു വിവേകാനന്ദൻ ഊന്നി പറഞ്ഞിട്ടുള്ളതു്.

"ഇന്ത്യ ഒരിക്കൽക്കൂടി പുരാതനമായ ത്യാഗത്തിൻേറയും, സേവ നത്തിൻേറയും ആദൎശത്തെ അവലംബിക്കട്ടെ; ഒരിക്കൽക്കൂടി ലോകം അവ

ളുടെയായിത്തീരും. പ്രൊഫസ്സർ രാധാകൃഷ്ണൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഭാഗ്യത്താൽ ഹൈന്ദവമായ ജീവിതാദർശത്തിന് അനുദിനം വിജയമാണു ലഭിച്ചുകൊണ്ടിരിക്കുന്നതു്. പാശ്ചാത്യദേശം സ്വീയമായ ജീവിതാദർശങ്ങളെ വെറുത്തുകൊണ്ടുവരികയാണ്. കഴിഞ്ഞ ശതാബ്ദത്തിൻെറ മുഖ്യസ്വഭാവമായിരുന്നു കേവലം യാന്ത്രികമായ ജീവിതത്തിലേയ്ക്കുള്ള ത്വരിതഗമനം. തൽഫലമായി അവശ്യംഭാവിയായ ഒരു ഹൃദയമാന്ദ്യം പാശ്ചാത്യരുടെ ജീവിതത്തെ ബാധിച്ചുതുടങ്ങിയിരിക്കുന്നു.

യാന്ത്രികമായ ജീവിതപരിപാടിയുടെ നേരെയുള്ള പ്രതിഷേധം സാർവ്വത്രികമായിത്തീർന്നിട്ടുണ്ട്. പത്തൊമ്പതാം ശതാബ്ദത്തിൽ യന്ത്രജാലം ശാസ്ത്രസാമ്രാജ്യത്തെ അധീനമാക്കി. ഇരുപതാം ശതാബ്ദത്തിൽ സാമുദായികജീവിതത്തേയും കുടുംബജീവിതത്തേയും അതു കൊള്ളചെയ്തിരിക്കുന്നു. മൂലധനത്തിൻേറയും പ്രയത്നത്തിൻേറയും സംഘടനയെ മാത്രമല്ലാ മനുഷ്യഹൃദയത്തേയും യന്ത്രം ഭരിച്ചുതുടങ്ങിയിരിക്കുന്നു. പരിഷ്കാരത്തിനു വിഘാതകമായിത്തീരത്തക്കവണ്ണം അത്ര ഭയങ്കരമായിട്ടാണു അതിൻെറ വളച്ച. പാശ്ചാത്യസംസ്കാരത്തിനു പററിയ ശാപമത്രേ അതു്! കഴിഞ്ഞ ശതാബ്ദത്തിൽ പാശ്ചാത്യസംസ്കാരം വളരെ വാത്സല്യത്തോടും ശ്രദ്ധയോടുംകൂടി വളർത്തിവന്ന ആ ശിശു സ്വന്തം മാതാവിനെത്തന്നെ വിഴുങ്ങിത്തുടങ്ങിയിരിക്കുന്നു.

യാന്ത്രികമായ പാശ്ചാത്യസംസ്കാരത്തിൻെറ ദോഷങ്ങളാണു മഹാകവി രവീന്ദ്രനാഥൻെറ രണ്ടു നാടകങ്ങളിലെ പ്രധാനപ്രമേയം. (Water fall, Red Oleanders), ഈ രണ്ടു വിശിഷ്ടകൃതികൾ യാന്ത്രികമായ ആ സംസ്കാരത്തിനു നൽകിയിട്ടുള്ള പ്രഹരം ഭയങ്കരമത്രെ. മനുഷ്യത്വത്തെ നിഹനിക്കുന്നതാണ് ആധുനികപരിഷ്കാരമെന്നു മഹാകവി വാദിക്കുന്നു. അതു മനുഷ്യനു കേവലം ഒരു എണ്ണം മാത്രമാകുന്നു. മനുഷ്യൻ 69 A അഥവാ 72 B മാത്രം. യാതൊന്നിലാ മനുഷ്യത്വം ഇല്ലയോ ആ മനുഷ്യത്വത്തിലാണു പരിഷ്കൃതനായ ഒരു ആധുനിക പാശ്ചാത്യനു പ്രതിപത്തി.

പ്രജാധിപത്യത്തിൻെറ പേരിൽ യൂറോപ്പ് സാമ്രാജ്യപരത്വത്തെ നിലനിർത്തിപ്പോരുന്നു. ലോകസാമ്രാജ്യങ്ങൾ രാഷ്ട്രവിഷയത്തിൽ സാമ്രാജ്യപരത്വത്തിൻെറ ചിഹ്നങ്ങളാണല്ലോ. അതുപോലെതന്നെ വ്യവസായത്തിൽ ഉള്ള സാമ്രാജ്യപരതയെയാണ് മുതലാളിത്തം വ്യക്തമാക്കുന്നതു്. മതത്തിൻെറ പേരിൽ ചെയ്തിട്ടുള്ളടത്തോളം അപരാധം മററൊന്നിൻെറ പേരിലും ഇല്ലെന്നു പലപ്പോഴും പറയാറുണ്ട്. എന്നാൽ പ്രജാധിപത്യത്തിൻെറ പേരിൽ അതിലുമധികം അപരാധങ്ങൾ പ്രവർത്തിച്ചിട്ടു

ണ്ടെന്നു ഞാൻ പറയുന്നതു് ആ സാമാന്യവിധിക്കു് ഒരു അപവാദമായിരിക്കും. യൂറോപ്പ് പ്രജാധിപത്യത്തിന്റെ പേരുംപറഞ്ഞു ചെയ്തിട്ടുള്ളടത്തോളം ദ്രോഹം മറ്റൊരു വിധത്തിലും മനുഷ്യസമുദായം അനുഭവിച്ചിട്ടില്ല. പാശ്ചാത്യർ പ്രജാധിപത്യം എന്നു പറഞ്ഞുവരുന്ന ആ സമ്പ്രദായമാണു് ലോകത്തിന്റെ സമാധാനത്തിനും പുരോഗതിക്കും നേരിട്ടിരിക്കുന്ന പ്രതിബന്ധങ്ങളിൽ മുഖ്യസ്ഥാനം അർഹിക്കുന്നതെന്നു് അതിശയോക്തിസ്പർശംകൂടാതെ പറയാം.

സ്വന്തം ഭാരംകൊണ്ടു സ്വയംതകർന്നുവീഴുന്ന ഒരു പൎവ്വതമാണു് പാശ്ചാത്യസംസ്കാരമെന്നു സുന്ദരമായഭാഷയിൽ മഹാകവി പ്രസ്താവിച്ചിട്ടുണ്ടു്. ഭീമാകാരമായ പൎവ്വതത്തിന്റെ പൊട്ടലും ഞെരിയലും തകരലും കേൾക്കുന്നതുപോലെ നമുക്കു തോന്നുന്നു.

ആധുനികകാലഘട്ടത്തെ ദീർഘദർശനം ചെയ്തിട്ടുള്ള പ്രവാചകനാണു ഓസ്വാൾഡ സ്പെംഗ്ല (Oswald Spengla). പടിഞ്ഞാറിനു മോചനം കിഴക്കുനിന്നാണു്. എന്നാൽ പശ്ചിമദേശത്തിനു് ഒരു സന്ദേശം പ്രദാനം ചെയ്യുവാൻ ഉള്ള ശക്തി ഉണ്ടാകുന്നതിനു പൗരസ്ത്യദേശം ആത്മവീൎയ്യം സമ്പാദിക്കേണ്ടതുണ്ടു്.

ഒരുത്തന്റെ സംസ്കാരത്തിനു വിപരീതമായിത്തീരത്തക്കവണ്ണമുള്ള പ്രവർത്തനംകൊണ്ടു പുരോഗതി ഉണ്ടാവുകയില്ലെന്നു് അമാനുള്ളഖാന്റെ ചരിത്രം ഉപദേശിക്കുന്നില്ലേ? ഭാരതഖണ്ഡത്തിനു് അഭിവൃദ്ധിയുണ്ടാകണമെങ്കിൽ സ്വീയമായ സ്വഭാവത്തിനു് അനുരൂപമായവിധത്തിൽ പ്രവർത്തിക്കുകയത്രേ വേണ്ടതു്? പ്രത്യേകമായ ഒരു സ്ഥാപനത്തേയോ, സമ്പ്രദായത്തേയോ അല്ല ഞാൻ സൂചിപ്പിക്കുന്നതു്. ഭാരതത്തിന്റെ അജരാമരവും ശാശ്വതവും ആയ ആദ്ധ്യാത്മികശക്തിയെപ്പറ്റിയാണു്. ഇൻഡ്യ, അവളുടെ ജീവിതംകൊണ്ടു നിയതി എന്താണുദ്ദേശിച്ചിട്ടുള്ളതെന്നു ഗ്രഹിക്കട്ടെ! ഇൻഡ്യ ചിരകാലമായി വച്ചുവാഴ്ത്തിപ്പോരുന്ന അധമത്വമനോഭാവം പരിത്യജിക്കട്ടെ! ഒരിക്കൽക്കൂടി ലോകത്തിന്റെ നേതൃത്വം അവൾക്കു സിദ്ധമാകും.

# പ്രേമോപഹാരം.

[ടാഗുർ]

(എസ്. എം)

I

പ്രിയേ! എന്റെ ആരാമപഥത്തിലേക്ക് വരും. നിന്റെ ദൃഷ്ടിയിൽ സ്വയം പതിയുന്ന തീക്ഷ്ണമായ പുഷ്പങ്ങളുടെ സമീപത്തുകൂടി നീ കടന്നു പോരിക. അപ്രതീക്ഷിതമായ അസ്തമനത്തിലെ അതിശയംപോലെ ഉജ്ജ്വലത്തും, എന്നാൽ തൽസമയംതന്നേ, ദുർഗ്രഹവുമായ ഏതെങ്കിലും ഒരു ആകസ്മികാനന്ദത്തിന്റെ സമീപത്ത് കുറച്ചു വിശ്രമിച്ചതിനുശേഷം നീ കടന്നു പോരിക.

എന്തെന്നാൽ പ്രേമപാരിതോഷകം ലജ്ജാഭരിതമാകുന്നു. അത് അതിന്റെ നാമത്തെ ഒരിക്കലും ഉച്ചരിക്കുന്നില്ല. അത് അതിന്റെ പന്ഥാവിൽകൂടി ഒരു ആനന്ദാന്ദോളനം പരത്തി തണലുകളിൽ കൂടി അതിവേഗം ഓടി മറയുന്നു.

ഒന്നുകിൽ അതിനേ കരസ്ഥമാക്കുക, അല്ലെങ്കിൽ എന്നെന്നേയ്ക്കുമായി അതിനേ നഷ്ടപ്പെടുക. എന്നാൽ ഗ്രാഹ്യമാകുന്ന പാരിതോഷകം ഒരു വെറും ലോലമായ പുഷ്പമോ, നഷ്ടപ്രായപ്രഭയോടുകൂടിയ ഒരു ദീപമോ മാത്രമാകുന്നു.

II

നക്ഷത്രനിബിഡമായ നഭോമണ്ഡലവും, അനന്തമായ സ്വാസ്ഥ്യാദിപ്രഭാവത്തോടുകൂടിയ ഈ ഭൂമിയും, എന്റേതായിരുന്നെങ്കിൽകൂടി ഞാൻ സംതൃപ്തനാകാതേ വീണ്ടും കൂടുതൽ ഐശ്വര്യങ്ങൾക്കായി അർത്ഥിക്കും. എന്നാൽ അവൾ മാത്രം എന്റേതാണെങ്കിൽ, ഈ ലോകത്തിലെ ഏററവും ചെറിയ കോണിൽ പരമമായ സന്തുഷ്ടിയാൽ ഞാൻ അനുഗൃഹീതനാകുന്നതാണ്.

III

ഇന്നത്തെ രാത്രി ആരാമത്തിൽ എന്റെ നവയൌവനത്തിന്റെ പതഞ്ഞുന്ന മുന്തിരിച്ചാറ് ഞാൻ നിനക്ക് പ്രദാനം ചെയ്യൂ. നീ ആ പാന

ചഷകത്തെ നിന്റെ അധരങ്ങളിലേയ്ക്കുയൎത്തി. ഇന്നലെ രാത്രി നിഷ്പ്രഭമായ ലോകം ധവളമോഹനമായ ചന്ദ്രികയാൽ അഭിഷിക്തമായപ്പോൾ, മൌനത്താൽ മോഹനമാക്കപ്പെട്ട നിന്റെ മുഖത്തെ, എന്റെ മാറോടണച്ച് ഞാൻ നിന്റെ മുഖാവരണത്തേ മാററി, വാർചികുരബന്ധത്തെ അഴിച്ചപ്പോൾ, നി നിന്റെ നയനങ്ങൾ നിമലിതങ്ങളാക്കി മന്ദസ്മിതം തൂകി.

ഇന്ന് പ്രഭാതത്തിന്റെ തുഷാരശിതളമായ ശാന്തതയിൽ, ധാവള്യപരിവേഷ്ടിതയായി, ശുഭ്രവസ്ത്രങ്ങളും ധരിച്ച്, കരതലത്തിൽ കുസുമപൂൎണ്ണമായ മനോഹരമഞ്ജൂഷയുമേന്തി നീ പോകുമ്പോൾ ദേവാലയത്തിലേയ്ക്കുള്ള വിജനമാൎഗ്ഗത്തിനടുത്തു അരുണോദയ വേളയിലെ പ്രശാന്തതയിൽ, ഒരു വൃക്ഷച്ചുവട്ടിൽ ഞാൻ അധോമുഖനായി അകന്നു നില്ക്കുന്നു.

## IV

പ്രിയേ! ഇന്നു ഞാൻ അക്ഷമനെങ്കിൽ എനിക്കു മാപ്പു തരിക. ഗ്രീഷ്മഋതുവിലെ നവവൎഷം: വാഹിനിപ്രാന്തത്തിലുള്ള വിപിനം ജാഗരം. പുഷ്പിതങ്ങളാകുന്ന കദംബവൃക്ഷങ്ങൾ സൌരഭ്യസമൃദ്ധിയാൽ അടുത്തുകൂടി പ്രയാണം ചെയ്യുന്ന മാരുതനെ പ്രലോഭിപ്പിക്കുന്നു. നോക്കുക, വ്യോമമണ്ഡലത്തിന്റെ നാനാഭാഗങ്ങളിൽനിന്നും മിന്നൽപിണരുകൾ അവയുടെ വീക്ഷണങ്ങൾ പൊഴിക്കുകയും, മാരുതൻ ഭവതിയുടെ കാനനികുന്തലിൽ നൃത്തമാടുകയും ചെയ്യുന്നു.

പ്രിയേ! ഇന്നു ഞാൻ എന്റെ ഉപഹാരത്തെ നിനക്ക് അൎപ്പിക്കുന്നെങ്കിൽ മാപ്പുതരിക. ലോകം മഴയുടെ മങ്ങലിൽ ആച്ഛാദനം ചെയ്യപ്പെട്ടിരിക്കുന്നു. ഗ്രാമീണർ ജോലി നിറുത്തി വിശ്രമം തുടങ്ങി. മേച്ചിൽസ്ഥലങ്ങൾ ശൂന്യങ്ങളായും സ്ഥിതിചെയ്യുന്നു. ഭവതിയുടെ നീലോല്പല നയനങ്ങളിൽ ആസന്നമായ വൎഷപാതത്തിന്റെ സംഗീതസ്വാരസ്യം സ്ഫുരിക്കുന്നു. ഭവതിയുടെ പടിക്കലൊണ കേശാലങ്കരണത്തിനുള്ള മുല്ലപ്പൂക്കൾ നീലാംബരത്തിൽ ഒതുക്കി അടുത്ത ഋതു കാത്തുനില്ക്കുന്നതും.

# മരിച്ചാൽ—

[ജോസഫ് മുണ്ടശ്ശേരി എം. ഏ.]

അതേ, മരിച്ചാൽ പിന്നെ നാമെന്തായിത്തീരും? നവീനവിജ്ഞാനവിശാരദരായ അധുനാതനരിൽ കുറെപ്പേരെ വല്ലാതെ ഞെരുക്കിക്കൊണ്ടിരിക്കുന്ന ഒന്നാണിക്കാര്യം. മരിച്ചാൽ മണ്ണായിപ്പോകും എന്നാരും ഉടനടി ഉത്തരം പറയും. പക്ഷേ ആ പരിണാമം ദേഹത്തിനു മാത്രം. ദേഹിക്കോ? പരിച്ഛിന്നമായ ഉത്തരം ലഭിക്കാതെ നവീനവിജ്ഞാനക്കാരൻ വിഷമിക്കുന്നു. തൽസംബന്ധമായി അഭിയുക്തോക്തികൾ കോടിക്കണക്കിനുണ്ട്. പക്ഷേ പ്രത്യക്ഷപ്രമാണം കിട്ടാതെ അയാളുണ്ടോ അടങ്ങുന്നു!

ദേഹി, ദേഹത്തിൽനിന്നു വ്യതിരിക്തമായ ഒന്നല്ലെന്നും ദേഹാണുക്കളുടെ സംശ്ലേഷത്തിൽനിന്നുദിക്കുന്ന ഒരു ശക്തി വിശേഷമാണെന്നും ലോകായതികന്മാർ വാദിക്കുന്നു. അങ്ങനെയാണെങ്കിൽ പിന്നെ ദേഹിയുടെ ഭാവി അന്വേഷിക്കേണ്ടതില്ല. മരണത്തിന്റെ ഒരേ ഒരടികൊണ്ടു ദേഹവും ദേഹിയും ഒപ്പം 'പൊടിതവിടായി'ക്കൊള്ളും. ജനനവും മരണവും യവനികയുടെ പൊങ്ങലും താഴലും മാത്രം. ഇതു മനുഷ്യന്റെ സ്ഥിതിക്കു പോരെന്നു വിജ്ഞാനനിധിയായ ഇദാനീന്തനനു തോന്നുന്നുണ്ട്.

നിരന്തരസമാധിയാൽ സ്വാത്മാവിലൂടെ പരമാത്മാവിനെ സാക്ഷാൽ സിദ്ധവര്യന്മാരാകട്ടെ ദേഹിക്കു ദേഹാനപേക്ഷമായ അസ്തിത്വം ഉണ്ടെന്നു ഗാഢഗാഢം വിശ്വസിക്കയും ധീരധീരം ഘോഷിക്കയും ചെയ്യുന്നു. അവരുടെ അഭിപ്രായത്തിനു കുറച്ചൊക്കെ യുക്തിയുക്തത കണ്ടേക്കാം. പക്ഷേ അവർക്ക്, അവരുടെ അനുഭവം തന്നെയാണു സർവ്വോപരിഷ്ഠമായ പ്രമാണം. അതുണ്ടോ ഒരു യുക്തിവാദി അഥവാ 'സയൻസുകാരൻ' വിലവെയ്ക്കുന്നു! വേണമെങ്കിൽ പ്രസ്തുത സിദ്ധന്മാർ 'പ്രേക്ഷണശാല'യിൽ വന്നിരുന്ന്, സ്വാനുഭവത്തെ 'സൂക്ഷ്മദർശനക്കുഴ'ലിലൂടെ അയാൾക്കു കാണിക്കട്ടെ. അപ്പോൾ അയാൾ സകലവും തലകുലുക്കി സമ്മതിക്കും.

ഇനി കുറെ പഴയ ദാർശനികന്മാരുണ്ട്. അവർ ദേഹിക്കു വ്യക്തിത്വം മാത്രമല്ല അനശ്വരത്വംകൂടി കല്പിക്കുന്നു. ആ പരികല്പനം യുക്തിസിദ്ധമാണെന്നാണ് അവരുടെ ഭാവം. പോരെങ്കിൽ 'ശ്രുതി'കളെല്ലാം അവരുടെ യുക്തിക്ക് ഉപസ്കാരകമായിരിക്കുന്നുണ്ട്. എന്നാൽ

ഇന്നത്തെ വൈജ്ഞാനികന് 'ശ്രുതികൾ' വെറും ശ്രുതികളാണ്. എങ്കിലും, ദാശ്നികന്മാരുടെ യുക്തികോലാഹലം അയാളെ തെല്ലൊന്ന് അമ്പരപ്പിക്കുന്നുണ്ട്. തന്നിമിത്തം അയാൾ, "എന്റെ ദേഹി, ജനനാൽ പൂർവ്വത്തിൽ എങ്ങിനെയിരുന്നുവോ അങ്ങനെയിരിക്കും മരണാനന്തരവും" എന്നു സമ്മതിക്കുന്നു.

അത്രയാകുമ്പോഴയ്ക്കും പ്രേതലോകവുമായി അഭിമുഖഭാഷണം നടത്തിയെന്നഭിമാനിക്കുന്ന 'ഒലിവർ ലോഡ്ജും' 'കോനൻഡോയിലും' മററും പ്രത്യക്ഷപ്രമാണങ്ങളോടുകൂടിയിറങ്ങുകയായി. ഭൂതപ്രേതാദികളെയെല്ലാം പ്രേക്ഷണശാലയിൽ വിളിച്ചുവരുത്തി, അവയെക്കൊണ്ടു നേരിട്ടു 'സാക്ഷി' പറയിക്കാമെന്ന് അവർ പന്തയം വെച്ച് വാദിക്കുന്നു. എന്ത്? ഇതൊക്കെ വെറും അമ്മായിപ്പഞ്ചതന്ത്രമോ? സയൻസ് പരമാധാരമായിക്കരുതിയിരിക്കുന്ന വിദ്വാൻ, പരോക്ഷമായി 'ഒലിവർലോഡ്ജി'നേയും മററും അറബിക്കഥക്കാരായെണ്ണുമെങ്കിലും പ്രത്യക്ഷമായി, അങ്ങനെ ഭാവിക്കാൻ ധൈര്യപ്പെടുന്നില്ല. ഈ ബഹളത്തിൽ എന്തോ വാസ്തവമുണ്ടെന്ന് അയാൾക്കു തോന്നിപ്പോകുന്നു. തന്നെയല്ല, 'എയിൻസ്റ്റെ'ന്റെ ചതുർമ്മാനലോകത്തിൽ (Four-dimensional world) ഭൂതപ്രേതങ്ങൾക്കെന്നല്ല ദേവഗന്ധർവ്വവിദ്യാധരാദികൾക്കെല്ലാം തന്നെ സംസ്ഥിതി ഉണ്ടാവാമെന്നറിയുമ്പോൾ അയാൾ, സ്വന്തം വിശ്വാസസംഹിതകൾ ഒന്നുകൂടി സൂക്ഷ്മാവലോകനം ചെയ്യാനൊരുങ്ങുകയും ചെയ്യുന്നു. അതേ, അയാൾ, പ്രൊഫസ്സർ ഹാൽഡെയിൻ പറയുംപോലെ, അഭിനവമായൊരു സമാധാനം കണ്ടെത്താൻ ശ്രമിക്കുന്നു. അതിപ്രകാരമാണ്:

"മരണം, മനുഷ്യനെന്നുള്ളനിലയിൽ എനിക്കുള്ള വ്യക്തിത്വം അവസാനിപ്പിച്ചേക്കാം. പക്ഷേ എന്റെ പൂർണ്ണമായ അവസാനം മരണമായിരിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ, എന്റെ മനസ്സ്, ശരീരനിർമ്മിതിക്കുള്ള വിവിധപദാർത്ഥസംശ്ലേഷത്തിന്റെ ഗൌണഫലം (By-product) മാത്രമാണെന്ന് എനിക്കു തോന്നുന്നില്ല.

എന്റെ മനോഭിത്തികളെല്ലാം മസ്തിഷ്കപരമാണുക്കളുടെ സംക്ഷോഭങ്ങൾക്കനുരൂപമാണെങ്കിൽ, സ്വാഭിപ്രായങ്ങൾ ശരിയോ തെറേറാ എന്നു നിർവചിക്കാൻ ഞാൻ ശക്തനാകയില്ല. എന്തുകൊണ്ടെന്നാൽ, അഭിപ്രായങ്ങൾ രസക്രിയാനുസരണമോ പദാത്ഥധർമ്മാനുസരണമോ ആയാലും താക്കികദൃഷ്ട്യാ ശരിയായിരിക്കണമെന്നില്ല. തക്കം, രസാസ്വാദമോ പദാത്ഥാസ്വാദമോ അല്ലല്ലോ. അതുകൊണ്ട് എന്നിൽ തക്കസമത്ഥമായ എന്തോ ഒന്നുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു.

രസതന്ത്രത്തേയും പദാർത്ഥവിജ്ഞാനത്തേയും മററും അതിലംഘി

ച്ചുള്ള മനസ്സു ശരീരബലം കുറയുന്നതോടെ ദുർബ്ബലമാകുന്നുണ്ടോ? ചിലപ്പോഴം ദുർബ്ബലമായും ചിലപ്പോഴ് അല്ലാതെയുമിരിക്കുന്നു. ആ സ്ഥിതിക്കു ശരീരവിലയത്തോടുകൂടി മനോവിലയവും സംഭവിക്കാമോ? ഇല്ലെന്നു തോന്നുന്നു. അതു, ശരീരബന്ധം വെടിഞ്ഞാൽ, സർവ്വാന്തര്യാമിയായൊരു മനസ്സിൽ നിമഗ്നമായേക്കാൻ വഴിയുണ്ടു്."

ഈ നവീനബോധത്തിന്റെ അർത്ഥമെന്താണു്? മരിച്ചാലും മരിക്കാത്തൊരു ദിവ്യാംശം നമ്മിലുണ്ടെന്നോ? അങ്ങനെയെങ്കിൽ മനസ്സിന്റെ മൗലികപദാർത്ഥം ഈ ലോകത്തല്ല, സിദ്ധപരികല്പിതമായ സല്ലോകത്താണെന്നു വേണം പറയാൻ.—

* ഐൻസ്റ്റൈന്റെ ആപേക്ഷികസിദ്ധാന്തമനുസരിച്ചു കാലം, നീളം വീതി ഘനം എന്നിവപോലെ ഒരു വ്യാപ്തിമാത്രമാണ്. അതിനെ ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെ വിഭജിക്കാവതല്ല. അനന്തവർത്തമാനകാലമെന്നു മാത്രം അവധാര്യം. അങ്ങനെയായാൽ ദേഹിക്ക് അനശ്വരത കല്പിക്കാമല്ലോ.

# ധനവും സമുദായവും.

കെ. കെ. തമ്പാൻ.

പരിഷ്കൃതമായ ഏതൊരു രാഷ്ട്രവും സാമ്പത്തിക പ്രശ്നങ്ങളെയാണു് ആദ്യമായി പരിഗണിക്കേണ്ടതു്. ധനത്തിന്റെ നേരെ ഒരു പൌരന്റെ മനോഭാവമെന്തായിരിക്കണം? ധനം എങ്ങനെ വിനിയോഗിക്കണം? പൌരന്മാരുടെ സ്വകാൎയ്യസ്വത്തിൽ ഗവൎമ്മേണ്ടിനു് എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരിക്കണം? പൊതുകാൎയ്യങ്ങളിൽ സ്വത്ഥത്തിന്റെ പ്രചോദനത്തെ ഏതെല്ലാം വിധത്തിൽ പരിഹരിക്കാം? ഈ പ്രശ്നങ്ങളുടെ ഉത്ഭവത്തെ അറിയേണ്ടതു് രാഷ്ട്രീയചിന്തയുടെ തുടക്കത്തിലാണു്; പ്ലേറ്റോ തുടങ്ങിയുള്ള നിരവധി രാഷ്ട്രീയ ചിന്തകന്മാരുടെ തലച്ചോറ പുണ്ണാക്കിയിട്ടുള്ളവയാണു് ഈ പ്രശ്നങ്ങൾ.

എന്നാൽ ധനം എന്താണു്? ധനശാസ്ത്രജ്ഞന്മാർ പറയുന്നു, വിലയുള്ള പദാൎത്ഥമാണെന്നു്. വില രണ്ടുതരത്തിലുണ്ടു്; പ്രയോജനത്തെ അപേക്ഷിച്ചുള്ള വില,(Value in use.)വിനിമയവില(Value in exchange) അവർ പറയുന്നു "വിനിമയാൎഹമായ പദാൎത്ഥങ്ങളെല്ലാം പ്രയോജനമുള്ളവയാണു് പ്രയോജനാൎഹങ്ങളായവയെല്ലാം വിനിമയമാകണമെന്നില്ല എന്നു്." ഭാഗ്യവശാൽ നമുക്കു് ജീവസന്ധാരണത്തിനു് അത്യന്താപേക്ഷിതങ്ങളായ പദാൎത്ഥങ്ങൾക്കു് വിനിമയ വിലയില്ല; അവ ഒന്നുകിൽ അത്ര ധാരാളമാണു്, അല്ലെങ്കിൽ അത്ര വ്യക്തിപരമാണു്. ലോകത്തിന്റെ ചന്തയിൽ ആരും അവ വില്ക്കുവാൻ കൊണ്ടുവരിക പതിവില്ല. ശ്വാസോച്ഛ്വാസത്തിന്നത്യാവശ്യമായ പരിശുദ്ധവായു വിലക്കു വാങ്ങുകയൊ, ഒരു നല്ല ദീപനശക്തിയെ വില്ക്കുകയോ നമ്മിൽ ആരും തന്നെ പതിവില്ല. എല്ലായ്പോഴും മനുഷ്യന്റെ ആവശ്യത്തേയും, പരിതസ്ഥിതിയേയും ആസ്വാദനശക്തിയേയും, വാസനയേയും അനുസരിച്ചിരിക്കും വില. അന്ധന്മാരുടെ ഒരു രാജ്യത്തു് കാഴ്ചബംഗ്ലാവുകളുടേയോ, മനോഹരകാഴ്ചകളുടേയോ വില ആരറിയുന്നു.? ഏതൊരു ബധിരനാണു വീണയും സ്വനഗ്രാഹികളും വാങ്ങുന്നതു്? ഉടഞ്ഞുതകൎന്ന ഒരു കപ്പലിൽ നിന്നും രക്ഷപ്പെട്ട കപ്പൽക്കാർ അല്പം ഭക്ഷണം കിട്ടുന്നതിനു ലോകത്തിലുള്ള സ്വൎണ്ണം മുഴുവനും തന്നെ കൊടുക്കുവാൻ തയ്യാറാകാതിരിക്കുമോ? പരിതഃസ്ഥിതിക്കനുരൂപമായിരിക്കും വില. യുദ്ധകാലത്തുപയോഗിച്ചിരുന്ന വാളുകൾ സമാധാനകാലത്തു കലപ്പയുടെ 'കൊഴു'വായി മാറുന്നതു് സാധാരണമാണു്.

നീതിശാസ്ത്രജ്ഞന്മാർ വാദിക്കുന്നു, ഒരു രാജ്യത്തുണ്ടാകുന്ന പദാർത്ഥങ്ങളുടെ പരിമാണത്തെയല്ലാ ഗുണത്തെയാണ് പരിഗണിക്കേണ്ടതെന്നു്. ഒരു രാജ്യത്തു നിന്നുള്ള കയററുമതി മുഴുവനും കറപ്പും മദ്യങ്ങളുമാണെന്ന് വിചാരിക്കുക. അവിടെയുള്ള രസതന്ത്ര ഗവേഷണങ്ങൾ മുഴുവനും വിഷവായുവോ നശീകരണ സാമഗ്രികളോ കണ്ടുപിടിക്കുവാനാണെന്ന് വിചാരിക്കുക. അങ്ങിനെയുള്ള ഒരു രാജ്യത്തു വളരെ പ്രയത്നവും, മൂലധനവും വിനിയോഗിച്ചിരിക്കുന്നതു് ഉപദ്രവകരങ്ങളായ പദാർത്ഥങ്ങൾ നിർമ്മിക്കുന്നതിന്നാകയാൽ, ധനമായികരുതാവുന്നതല്ല എന്നാണ് പ്രാചീനയവനചിന്തകനായ അരിസ്റ്റോട്ടൽ പറയുന്നതു്. ന്യായബോധത്തോടുകൂടിയ ഒരു സമുദായത്തിലെ നീതിജ്ഞനായ ഒരംഗത്തിൻെറ ന്യായമായ ആവശ്യങ്ങളെ നിറവേററുവാൻ അവ പര്യാപ്തമാകുന്നില്ല.

പരിഷ്ക്കാരത്തിൻെറ ഗതിയെ അനുസരിച്ചു്, ഒരുകാലത്തു് അത്യന്തോപയുക്തങ്ങളായിരുന്ന പദാർത്ഥങ്ങൾ പിന്നീടു് ഉപയോഗശൂന്യമായി പരിണമിക്കുന്നു. ധനം ഒരിക്കലും ജീവിതത്തിലെ പരമോദ്ദേശമല്ല. അതു ലഭിക്കുവാനുള്ള മാർഗ്ഗം മാത്രമാകുന്നു. ഈ പരമപദവി വ്യക്തിപരമായി ലഭിക്കേണ്ടതാണെന്നും, അതു് ഓരോ വ്യക്തിയുടേയും സ്വഭാവത്തേയും ചിന്താശക്തിയേയും ആശ്രയിച്ചാണിരിക്കുന്നതെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

വ്യക്തിപരമായിട്ടാണു ധനത്തെ പരിഗണിക്കേണ്ടതെന്നു പറയുന്നതു് അസംബന്ധമാണെന്നുതോന്നുന്നുണ്ടാവാം. നാം സാധാരണ പറയുന്നു, 'ധനസമൃദ്ധിയുള്ള അമേരിക്ക,' 'ദരിദ്രയായ ഇന്ത്യ' എന്നെല്ലാം. പക്ഷെ, ഒരു രാജ്യത്തിലെ ധനം അവിടുത്തെ ജനങ്ങളുടെ കൈവശമാണിരിക്കുന്നതു്. ഒരു രാജ്യത്തിനു് അതിലെ അംഗങ്ങളായ ജനങ്ങളുടേതിൽനിന്നും വ്യത്യസ്തമായി ധനശേഖരംചെയ്യാനുള്ള ശക്തിയില്ല. അതുകൊണ്ടു് ഒരു രാജ്യം ധനസമൃദ്ധമാണെന്നു പറയണമെങ്കിൽ ജനങ്ങൾക്കു സുഖമായിരിക്കണം, സമാധാനം കളിയാടണം.

ഒരു രാജ്യത്തിലെ ധനം മുഴുവനും ഓരോരുത്തരുടെ കൈവശമാണെങ്കിലും ഓരോരുത്തനും സ്വത്തുക്കളിന്മേൽ പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടു്, അവകാശമുണ്ടു് എന്നു പറവാൻ നിവൃത്തിയില്ല. നിങ്ങൾ പറയുമായിരിക്കാം 'ഇതെൻെറ സ്വത്താണ്; എൻെറ ഇഷ്ടംപോലെ ചെയ്യാം' എന്ന്. അല്പം ആലോചിച്ചാലറിയാം അതൊരു തെററിദ്ധാരണയാണെന്നു്. ഈ അവകാശത്തിൻെറ അടിസ്ഥാനമെന്താണ്? പാരമ്പര്യവഴിക്കു കിട്ടിയതുകൊണ്ടോ? ഗവർമ്മേണ്ടിൻെറ രക്ഷണംകൂടാതെ, നിയമ

ത്തിൻെറ സഹായംകൂടാതെ ഒരാൾക്ക് എങ്ങിനെയാണ് അവകാശം സ്ഥാപിച്ചുകിട്ടുന്നതു്? വിലയ്ക്കു വാങ്ങിയതുകൊണ്ടോ? വിക്രേതാവിനുള്ളതിൽ കവിഞ്ഞതായ ഒരധികാരം എങ്ങിനെയാണ് വാങ്ങിയവന് കിട്ടുന്നതു്? അല്ലാ, വസ്തുക്കൾ പതിപ്പിച്ചെടുത്തതുകൊണ്ടോ? പ്രകൃതിയുടെ ഒരു ഭാഗത്തു് ഒരാൾ ആദ്യമായി നടക്കുകയോ വല്ലതും നട്ടുപിടിപ്പിക്കുകയോ ചെയ്യുതുകൊണ്ടു് അതു നിങ്ങളുടേതാകുമോ? ഇവിടെയും ഗവമ്മേണ്ടിൻേറയും നിയമത്തിൻേറയും സഹായത്തെയല്ലേ നിങ്ങൾ ആശ്രയിക്കുന്നതു്?

ഓരോരുത്തനും അവനവൻെറ പ്രയത്നഫലം അനുഭവിക്കാം; വേറെ ഏതൊരു തത്വത്തിന്മേലും അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്ന സമുദായ വ്യവസ്ഥകൾ നിലനില്ക്കുന്നവയല്ല, എന്നെല്ലാം മിക്കവരും പറയാറുണ്ടു്. നിശ്ചയമായും, ബോൾഷെവിക് ഭരണത്തിലെ ഒരു ന്യൂനത, അവിടെ പ്രയത്നത്തിൻെറ പ്രതിഫലം ശരിയായി ലഭിക്കുന്നില്ല എന്നുള്ളതാണ്. അതുകൊണ്ടു് സമുദായത്തിൻെറ നിമ്മാണശക്തി ക്ഷയോന്മുഖമാകുന്നു, സമുദായം അധഃപതിക്കുന്നു. ഓരോ വ്യക്തിയുടേയും പ്രയത്നത്തെ അടിസ്ഥാനമാക്കിയുള്ള അവകാശം അതിരില്ലാത്ത, പരിപൂണ്ണമായ ഒന്നാണോ, ആകുമോ, എന്നാണ് ഇവിടെ ചിന്തിക്കേണ്ടതു്?

പ്രയത്നത്തെ അടിസ്ഥാനമാക്കിയുള്ള അവകാശം പൂണ്ണമല്ല; പരിമിതമാണ്. ഒരു മനുഷ്യനു് ശരീരത്തെ ഇഷ്ടംപോലെ ഉപയോഗിക്കുവാൻ അധികാരമുണ്ടെങ്കിലേ അതിൻെറ പ്രയത്നത്തെ അടിസ്ഥാനമാക്കിയുള്ള അവകാശം പരിപൂണ്ണമായിരിക്കുകയുള്ളു. മനുഷ്യൻെറ പ്രവൃത്തികൾ മുഴുവനും സമുദായത്താൽ നിയന്ത്രിതമാണ്. ഒരു മനുഷ്യൻ തൻെറ പ്രവൎത്തനശക്തിയെ കള്ളാധാരം നിമ്മിക്കുന്നതിന് ഉപയോഗിക്കുന്നുവെങ്കിൽ, ഒരു തീവണ്ടി മറിച്ചിടുവാനുപയോഗിക്കുന്നുവെങ്കിൽ സമുദായം അവനെ തടവിലിടുന്നു. ഒരാളുടെ വലത്തുകയ്യിൻെറ പ്രയത്നം അയൽപക്കക്കാരൻെറ കണ്ണിനോടു സമ്മേളിക്കുവാൻ സമുദായം അനുവദിക്കുന്നില്ല.

ഒരു മനുഷ്യൻെറ ശാരീരികപ്രവൃത്തികളെഃപ്പോലും നിയന്ത്രിക്കുന്ന സമുദായത്തിൽ, അതിനെ അടിസ്ഥാനപ്പെടുത്തി സ്ഥാപിച്ചിരിക്കുന്ന അവകാശം എത്രത്തോളം പരിപൂണ്ണമാകാം? അവ വളരെ പരിമിതമാണ്? മനുഷ്യൻ ഒരു സമുദായജീവിയാണ്, മനുഷ്യകുഡുംബത്തിലെ ഒരംഗം. സമുദായത്തിൽനിന്ന് അയാൾക്കു ചില ഗുണങ്ങൾ സിദ്ധിക്കുന്നു. അതിന് അയാൾക്കും ചില കടമകളുണ്ടു്. അയാളുടെ പ്രവൃത്തികളേയും അധികാരങ്ങളേയും സമുദായം നിയന്ത്രിക്കുന്നു.

വ്യവസ്ഥയോടുകൂടിയ ഏതൊരു ഗവമ്മേണ്ടും നികുതിപിരിക്കുന്നുണ്ട്. സുസ്ഥാപിതമായ അവകാശത്തിൻെറ പരിമിതത്വത്തെ ഇതു പ്രഖ്യാപനം ചെയ്യുന്നു. ചിലർ പറയുമായിരിക്കാം പ്രജാധിപത്യഭരണമുള്ള ഒരു രാജ്യത്തു പ്രതിനിധിസഭയുടെ അനുവാദപ്രകാരമാണു നികുതി ചുമത്തുന്നതെന്ന്, അതുകൊണ്ട് അത്ഥമില്ല. ഓരോ പ്രജയും ഇതിന്നനുകൂലമാണെന്ന്, അവർ ഇതു ന്യായമാണെന്നു വിചാരിക്കുന്നുണ്ടെന്ന് പൊതുവിൽ അതു ന്യായമായി പരിഗണിക്കപ്പെടുന്നു. സ്ഥിരബുദ്ധിയുള്ളവരാരും അതിനെ എതിക്കാറമില്ല. പക്ഷെ ഒരിക്കൽ അനുവദിച്ചു കഴിഞ്ഞാൽ സ്വകാര്യസ്വത്തിന്മേലുള്ള അവകാശത്തിൻെറ പരിധി കുറിച്ചു കഴിഞ്ഞു. സമുദായസൌകര്യത്തെ അടിസ്ഥാനപ്പെടുത്തി സ്വകാര്യസ്വത്തിന്മേലുള്ള അവകാശം പരിമിതമാക്കപ്പെട്ടിരിക്കുന്നു.

സ്വകാര്യസ്വത്തിനു് അവകാശങ്ങളുണ്ടെങ്കിൽ അവ സമുദായസൌകര്യത്തിൽനിന്നു വിഭിന്നങ്ങളായ പരിതസ്ഥിതിയിന്മേലല്ല സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്; സമുദായസൌകര്യത്തിന്മേൽതന്നെയാണ്.

സ്വകാര്യസ്വത്തിനെപ്പററി പറയുമ്പോൾ നാം വിചാരിക്കുന്നു ഓരോ ഉടമസ്ഥനും വ്യക്തിപരമായി, ഇതരന്മാരിൽനിന്നും വ്യത്യസ്തമായ ഒരധികാരമുണ്ടെന്ന്. അവകാശമില്ലാത്തവനിൽനിന്നും താരതമ്യേന ഉടമസ്ഥാവകാശത്തിനു പൂണ്ണതയുണ്ട്. എങ്കിലും അതു സമുദായത്തിന്നെതിരായല്ല, സമുദായത്തിൻെറ സൌകര്യത്തിനുവേണ്ടിയാണ് എന്ന തത്വം, ഈവക സ്വത്തുക്കൾ നിയമത്താൽ സംരക്ഷിതമാണ്, ഗവമ്മേണ്ടിൻെറ അധികാരങ്ങൾക്കു വിധേയമാണ് എന്നതുകൊണ്ടു തന്നെ തെളിയുന്നു.

എല്ലായ്പ്പോഴും സ്വകാര്യസ്വത്തുക്കൾ പൊതുനന്മയ്ക്കു നിദാനമായിത്തീരുന്നുണ്ടോ?

ആധുനികരാഷ്ട്രങ്ങളിലോരോന്നും ഓരോ കാരണങ്ങൾ പറഞ്ഞു സ്വകാര്യസ്വത്തിൻെറ അവകാശസീമയെ പരിമിതമാക്കുന്നതു കാണാവുന്നതാണ്. ചില രാഷ്ട്രീയചിന്തകന്മാർ സ്വകാര്യസ്വത്തിൻെറ സ്ഥിതിയിൽ പലന്യൂനതകളും കാണുന്നതുകൊണ്ടായിരിക്കാം. പൊതുസ്വത്തുമാത്രമേ ഉണ്ടാകാവൂ എന്ന് അഭിപ്രായപ്പെടുന്നു. ഈ ചിന്തകന്മാരിൽ അഗ്രഗണ്യനാണ് പ്ലേറേറാ. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഭരണകത്താക്കളുടെ സ്വകാര്യസ്വത്തുക്കളും ഭായ്യമാരും പൊതുസ്വത്തായിരിക്കേണ്ടതാണ്. എന്തെന്നാൽ ധനവും കുഡുംബങ്ങളുമാണ് മനുഷ്യനെ ദുർമ്മോഹത്തിൽ ചാടിക്കുന്നതു്. ഈ രണ്ടു മൂലദോഷങ്ങളെ ഭരണകത്താക്കളിൽനിന്നും ഉന്മൂലം ചെയ്യുന്നതായാൽ ഭരണയന്ത്രം കേടുകൂടാതെ പ്രവത്തിക്കുന്നതാണ്.

പ്ലേററോവിൻെറ അഭിപ്രായം വളരെ രസകരമാണെങ്കിലും പ്രായോഗികമാണെന്നു തോന്നുന്നില്ല. സ്വാൎത്ഥലേശവുമില്ലാതെ ഭരണം നടത്തുക അത്ര സുകരമല്ല. പൊതുജനങ്ങളുടെയിടയിൽ സുസമ്മതനായ രാജ്യതന്ത്രജ്ഞൻ സ്വാൎത്ഥമായി എന്തെങ്കിലും പ്രവൎത്തിക്കുന്നുണ്ടെങ്കിൽ, അതു് അയാൾ മനുഷ്യനായതുകൊണ്ടു മാത്രമാണ്. സമുദായത്തിൻെറ വിപുലമായ ആദൎശങ്ങൾ എല്ലായ്പ്പോഴും പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുവാൻ മനുഷ്യൻ അശക്തനാണ്. ഏതെങ്കിലും ഒരു രാജ്യത്തു സ്വാൎത്ഥച്ചുവ തീരെയില്ലാത്ത ഒരു ഭരണവ്യവസ്ഥ ഏതെങ്കിലും കാലത്തു നടപ്പിൽ വന്നിട്ടുണ്ടെങ്കിൽ, അവിടങ്ങളിൽ നടപ്പുള്ള കൎശനമായ സാമുദായിക നിയമങ്ങളോ, അത്ഭുതാവഹമായ ഉത്തരവാദിത്വബോധമോ ആയിരിക്കണം അതിനുകാരണം. ചില പാശ്ചാത്യ ചിന്തകന്മാരുടെ അഭിപ്രായത്തിൽ കൎത്തവ്യബോധത്തോടുകൂടിയ ദോഷവിചാരങ്ങൾക്കടിമപ്പെടാത്ത ഒരു പ്രഭുവൎഗ്ഗത്തെ (Aristocrats) ഭരണം നടത്തുവാൻ ഏല്പിക്കുന്നതായാലും അഭിലഷണീയമായ ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്. ഇതിന്നുദാഹരണമായി ഹെർബർട്ടു് ഫിഷർ ബ്രിട്ടീഷാധിപത്യത്തിൻകീഴിൽ ഐ. സി. എസ്സ്. കാരുടെ ഭരണത്തെയാണ ചൂണ്ടിക്കാണിക്കുന്നതു്. അദ്ദേഹം പറയുന്നു, "ഈ ഉദ്യോഗസ്ഥന്മാർ വിവാഹിതരാണെങ്കിലും, കുടുംബം ഇംഗ്ലണ്ടിലായിരുന്നതുകൊണ്ടു, സ്വഗുണങ്ങളെ ലാക്കാക്കി പ്രവൎത്തിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അവൎക്കു സ്വകാൎയ്യസ്വത്തുക്കളുണ്ടായിരുന്നു. പക്ഷേ അവർ ഭരിക്കുവാൻ സഹായിച്ചിരുന്ന രാജ്യത്തായിരുന്നില്ല—ഇങ്ങിനെ തീരെ ദോഷരഹിതമായ ഒരു ഭരണം? ഇത്രവലിയ ഒരു രാജ്യത്തു് ഇതിനുമുമ്പു് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്."

പ്ലേറേറാവിൻേറതിനേക്കാൾ തുലോം വ്യത്യസ്തങ്ങളാണ്, ആധുനികചിന്തകന്മാർ സ്വകാൎയ്യസ്വത്തുക്കൾ ഇല്ലാതാക്കുവാൻ പുറപ്പെടുവിക്കുന്ന വാദങ്ങൾ, ധനത്തിൻെറ വിതരണത്തിലുള്ള അസമത്വം, വൈയവസായികമായും, വാണിജ്യപരമായുമുള്ള ഏകാധിപത്യം ധനികന്മാരുടെ സാധുമർദ്ദനം മുതലായ കാരണങ്ങളാലാണ് ആധുനികചിന്തകന്മാർ സ്വകാൎയ്യസ്വത്തുക്കളുടെ വ്യവസ്ഥയെ എതിൎക്കുന്നതു്. കമ്യൂണിസ്റ്റ് (Communists) കാരും, സോഷ്യലിസ്റ്റ് (socialist) കാരുമാണ് ഇവരിൽ അഗ്രഗണ്യന്മാർ. സാധാരണമായി ഒരു വാദം നടപ്പുണ്ടു്: ഓരോരുത്തനും യഥേഷ്ടം ധനം സമ്പാദിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നാൽ സാമ്പത്തികമായ അസമത്വം ക്രമത്തിലധികം വൎദ്ധിക്കും. തൽഫലമായി സാധുക്കൾ അത്യാവശ്യമായ പദാൎത്ഥങ്ങൾ ധാരാളമായി നിൎമ്മിക്കുന്നതിനുപകരം ധനവാന്മാൎക്കു സുഖഭോഗങ്ങൾക്കാവശ്യമായ പദാ

ത്ഥങ്ങൾ നിർമ്മിക്കുന്നതിൽ മൂലധനവും പ്രയത്നവും ഉപയോഗപ്പെടുത്തുമെന്നു്. വേറൊരു വാദം സമുദായത്തിനു ദോഷകരമായ മത്സരബുദ്ധി വർദ്ധിക്കുമെന്നുള്ളതാണു്. ഉദാഹരണമായി പരസ്യത്തിനു ചിലവാക്കുന്ന തുക നോക്കുക. പ്രാരംഭദശയിലിരിക്കുന്ന വൈയവസായിക സംരംഭങ്ങൾ എതിർത്തുനില്ക്കുവാൻ ശക്തമല്ലാതെ ഉടഞ്ഞുതകർന്നുപോകുന്നു, സോഷ്യലിസ്റ്റ് ഭരണമുള്ള ഒരു രാജ്യത്തു് ഈ വക ദുർച്ചിലവുകൾ തീരെ ഇല്ലാതാക്കുകയോ, വളരെ കുറയ്ക്കുകയോ ചെയ്യുന്നതാണു്. മത്സരം എല്ലായ്പോഴും സാമ്പത്തികമായ അധഃപതനത്തെയാണു സൂചിപ്പിക്കുന്നതു് ഇങ്ങനെയെല്ലാമാണു് ഈ വാദങ്ങൾ.

ഉണ്ടെന്നു പറയപ്പെടുന്ന ഈ രണ്ടുതരം ദുർവ്യയത്തേയും ഒരു പൌരൻ എങ്ങിനെയാണു് പരിഹരിക്കേണ്ടതു്? സാമ്പത്തികകാര്യങ്ങളിൽ സമത്വം സിദ്ധിച്ചിട്ടുള്ള ഒരു സമുദായത്തിൽ സമാധാനമുണ്ടാകുന്നു. അഞ്ചുറപ്പികയുടെ ഒരു നോട്ടു് ഒരു ലക്ഷപ്രഭുവിനു നിസ്സാരമായിരിക്കാം; എന്നാൽ ഒരു സാധുവിനു് അതു വലിയ കാര്യമാണു്. സാമ്പത്തികമായി ഉച്ചനീചത്വങ്ങളുള്ള ഒരു സമുദായത്തിൽ ഏറെക്കുറെ തുല്യമായ സാമ്പത്തികസ്ഥിതിയോടുകൂടിയ ഒരു സമുദായത്തിലെന്നപോലെ അഭ്യുന്നതിയുണ്ടാകുവാൻ പ്രയാസമാണു്. ഇങ്ങനെയുള്ള ഒരു സമുദായത്തിലാണു സാമാന്യേന ഉത്തമപൌരന്മാർ അധികമുണ്ടാകുവാൻ വഴി. കോടീശ്വരന്മാർ തങ്ങളുടെ ധനത്തിൽ വലിയൊരു ഭാഗം സ്വാർത്ഥസുഖഭോഗങ്ങൾക്കായി വിനിയോഗിക്കുന്നു. അവർക്കു് ആവശ്യത്തിലധികം ധനമുണ്ടു്; എന്നാൽ അത്യാവശ്യങ്ങൾ നിറവേററുവാൻപോലും സാധിക്കാത്ത സാധുക്കളെ അടുത്തുതന്നെ കാണാവുന്നതാണു്.

ഈ വാദത്തിൽ വളരെ വാസ്തവമുണ്ടെന്നു് നിഷ്പക്ഷപാതിയായ ഒരാൾ സമ്മതിക്കാതിരിക്കയില്ല. ഡെൻമാർക്കിനെപ്പോലെ വിദ്യാഭ്യാസവും ധനവും എല്ലായിടത്തും ഏതാണ്ടു് ഒരുപോലെ വ്യാപിച്ചിട്ടുള്ള ഒരു രാജ്യത്തിൽ ഒരു ഇംഗ്ലീഷുപട്ടണത്തിലെ ദരിദ്രസങ്കേതങ്ങളിലേക്കാൾ അതൃപ്തിയും കഷ്ടപ്പാടുകളും കുറവുണ്ടെന്നു പറയുന്നതിൽ അത്ഭുതപ്പെടുവാനില്ല. പക്ഷെ ഈ സമത്വസംസ്ഥാപനം കൃത്യമായി നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. ഒരേ വലിപ്പത്തിൽകൃത്യമായി ഉണ്ടാക്കപ്പെട്ട മരപ്പാവകളൊന്നുമല്ല മനുഷ്യർ. ചിന്തയിലും, പ്രതിഭയിലും, സ്വഭാവത്തിലും, അഭിരുചിയിലും, പ്രവർത്തിചെയ്യാനുള്ള ത്രാണിയിലും മദ്ധ്യവയസ്കരുടെ അഭിപ്രായത്തിലും, അവർ ഭിന്നരാകുന്നു. ശാന്തമായ സംഭവരഹിതമായ, ഒരു ജീവിതമായിരിക്കാം മഹനീയമായതു്. എന്നാൽ ലോകത്തിൽ വൃദ്ധേതരന്മാരുമുണ്ടല്ലൊ. ചുടുചോര തിളച്ചൊഴുകുന്ന യുവാ

ക്കന്മാൎക്കു ധീരപ്രവൃത്തികളാണു ജീവിതം. അന്തമില്ലാത്ത ഒരു ചക്രവാളത്തിൽ, ആഹ്ലാദകരങ്ങളായ സംഭവപരമ്പരകളുടെ അത്ഭുതചിത്രങ്ങൾ അവർ കാണുന്നു. ഇങ്ങിനേയിരിക്കേ, കൃത്യമായി, സമമായി, ധനവിതരണംചെയ്യുവാൻ സാധിക്കുന്നതെങ്ങിനെ? മനുഷ്യർ, കായികമായും, മാനസികമായും, സദാചാരപരമായും കഷ്ടത അനുഭവിക്കുന്നതു കാണുവാൻ ആൎക്കും രസമായിരിക്കുകയില്ല. എന്നാൽ ലോകത്തിൽ മുഴുവനും ഒരേതരത്തിലുള്ള വീടുകൾ, ഒരേവിധം സ്വത്തുള്ള കുഡുംബങ്ങൾ, അതിലുള്ള അംഗങ്ങളുടെ ത്രാണിയും പ്രയത്നവും ഏതുവിധത്തിലുമാകട്ടെ, ഒരേതരത്തിലുള്ള—രാജ്യത്തു് ആകെയുണ്ടാകുന്ന സാമ്പത്തികോല്പന്നങ്ങളുടെ ഒരോഹരി—പ്രതിഫലം, ഇങ്ങിനെയുള്ള ഒരു ജീവിതവ്യവസ്ഥയുടെ ഭയാനകത ആൎക്കാണു് സസന്തോഷം സ്മരിക്കുവാൻ സാധിക്കുക?

(തുടരും.)

---

# ഉന്മാദിനി.

[സി. എ. ആർ.]

I

പാറിപ്പറക്കുന്ന ചിടപിടിച്ച ചെമ്പൻ തലമുടിയോടുകൂടി, ചെന്തിപ്പൊരി ചിതറുന്ന കണ്ണുകളോടുകൂടി, അർദ്ധനഗ്നയായി, ഉറക്കെയുറക്കെ ഓരോന്നു വിളിച്ചുപറഞ്ഞുംകൊണ്ടു് ഇടയ്ക്കിടയ്ക്കെല്ലാം തെരുവീഥികളിൽക്കൂടെ പാഞ്ഞുനടക്കാറുള്ള ആ ഉന്മാദിനിയെ നിങ്ങൾ പലപ്പോഴും കണ്ടിരിക്കാനിടയുണ്ടു്. ദേവകി എന്നാണു് അവളുടെപേരു്. 'ദേവ്യൂ' എന്നാണു് അവൾ അവളെത്തന്നെ വിളിക്കാറ്. എന്നാൽ ഈ വിളി അവളുടെ സ്വന്തം സ്വരത്തിലല്ല. അതിൽ ഒരോമനിക്കുന്ന മട്ടുണ്ടു്. അതു്, അവൾ മറ്റൊരാളെ അനുകരിക്കുന്നതുപോലെയിരിക്കുന്നു. ഇതാണു് അതിനുള്ള പ്രത്യേകത. വികാരംകൊണ്ടു നിറഞ്ഞതാണു് ആ വിളി. ഈ അനുകരണത്തിൽ എന്തെങ്കിലുമുണ്ടോ? ഒരു പക്ഷെ, അവളുടെ ജിവിതകഥ അതിൽ ഒളിഞ്ഞുകിടക്കുന്നുണ്ടെന്നു വരാം.

II

ഒരുദിവസം പ്രഭാതത്തിൽ, തെരുവിലെ അസാധാരണമായ വലിയ ലഹളകേട്ടാണു് ഞാനുണന്നതു്. ഞാൻ ജനൽ തുറന്നു പുറത്തേയ്ക്കു നോക്കിയപ്പോളുണ്ടു് നമ്മുടെ 'ദേവ്യൂ' പടിക്കൽതന്നെ വന്നു നില്ക്കുന്നു. അവൾ എന്തെല്ലാമോ പ്രസംഗിക്കുന്നുണ്ടു്. കുട്ടികൾ ചുററും കൂടിനിന്നു് ഉല്ലാസത്തോടുകൂടി ചിരിക്കുന്നു. എന്നെ കണ്ടഉടനെ അവൾ താണു കുമ്പിട്ടൊന്നു തൊഴുതു. അവൾ തൊഴുകയ്യായിത്തന്നെ നിന്നു പറയുവാൻ തുടങ്ങി. "കണ്ടോ യജമാന്നേ, രാത്രിപോയി; സൂര്യ്യനുദിച്ചു; കണ്ണുകാണാറായി; കുട്ടികൾക്കു കളി; എടപിള്ളരേ!" അവൾ പെട്ടെന്നു ഭയങ്കരമായ ഭാവത്തിൽ ആ കുട്ടികളുടെ നേക്കു് അട്ടഹസിച്ചു് ഒരു ചാട്ടം ചാടി. ഉറക്കെച്ചിരിച്ചുകൊണ്ടു് അവരെല്ലാവരും പൂമ്പാററകളെപ്പോലെപ്പാറന്നുപോയി. അവൾ വീണ്ടും എൻെറ നേക്കുതന്നെ തിരിഞ്ഞു. അവൾ ചോദിക്കാൻ തുടങ്ങി:—"എന്മാന്നു പെണ്മക്കളെണ്ടോ? പെണ്മക്കളു്?" കുട്ടികൾ വീണ്ടും അടുത്തുകൂടിയതു് ഇത്തവണ അവൾ സൂക്ഷിച്ചില്ലെന്നുതോന്നുന്നു. അവരാരും ശബ്ദമുണ്ടാക്കിയിരുന്നില്ല.

അവരുടെ നേരമ്പോക്കുകൾക്കു് ഒരു പക്ഷെ ഞാനായിരുന്നിരിക്കാം. തടസ്സം.

ഞാൻ—“എന്താണു വേണ്ടതു്? ഇവിടെ നില്ക്കണ്ട പൊയ്ക്കോള്ളൂ.”

അവൾ അതു കേട്ടതായി നടിച്ചില്ല. വീണ്ടും അതേചോദ്യം തന്നെ ആവൎത്തിച്ചു. “ഏമാന്നു പെൺമക്കളുണ്ടോ പെൺമക്കള്ളു്? ഒന്നു കാണാൻ. ഇല്ലേ? ഇല്ലേ” പെട്ടെന്നു് എന്റെ തോട്ടത്തിൽ വിരിഞ്ഞു നില്ക്കുന്ന ഒരു പനിനീർപ്പൂവിന്മേലേയ്ക്കു് അവളുടെ ചഞ്ചലങ്ങളായ ദൃഷ്ടികൾ പതിഞ്ഞു. അവൾ യാതൊരു കൂസലും കൂടാതെ അകത്തേയ്ക്കു കടന്നു് ആ പൂവിന്നരികത്തു ചെന്നു നില്പായി. അവൾ എന്നെ ഒന്നുനോക്കി; ആ പൂവൊന്നു വാസനിച്ചു; ‘ഞാൻ പൊട്ടിക്കില്ല പൊട്ടിക്കില്ല പൊട്ടിക്കില്ല’ എന്നു പറഞ്ഞു് അതു പൊട്ടിച്ചു.

ഞാൻ അറിയാതെ ഏ എന്നു വിലക്കുവാൻ പുറപ്പെട്ടപ്പോഴെക്കും ആ പൂവു് അവളുടെ വായിലായിക്കഴിഞ്ഞു! ആ ഉന്മാദിനി ആ പൂവു മുഴുവൻ കടിച്ചുചവച്ചു മുററം നിളെ തുപ്പിയിട്ടു. അവൾ ഒന്നുകൂടി എന്റെ മുഖത്തേയ്ക്കുനോക്കി. എന്റെ മുഖത്തു പ്രത്യക്ഷമായ അസ്വാസ്ഥ്യത്തിനു സമാധാനമായി അവൾ ഉറക്കെ പൊട്ടിച്ചിരിക്കുകയാണുണ്ടായതു്. അതിനുശേഷം അവൾ തലമുടി കടിക്കുവാൻ തുടങ്ങി. അതേ നിലയിൽ നിന്നൊരു പാട്ടും. പാട്ടിലെ അക്ഷരങ്ങൾ എന്താണെന്നു മനസ്സിലായില്ല. അവൾ ആട്ടം തുടങ്ങി. ഞാനെന്റെ വാലിയക്കാരനെ വിളിച്ചു. ഞാൻ അവനെ വിളിച്ചതെന്തിനാണെന്നു് അവൾക്കു മനസ്സിലായെന്നു തോന്നുന്നു. അവളുടെ ആട്ടം നിന്നു; പാട്ടു നിന്നു. മുഖം തുടുത്തു. കണ്ണിൽ വെള്ളം നിറഞ്ഞു അവളുടെ ചുണ്ടുകൾ വിറച്ചുതുടങ്ങി. അവൾ ഇടറുന്ന തൊണ്ടയോടുകൂടി എത്രയും ദയനീയമായ സ്വരത്തിൽ എന്നെ വിളിച്ചു: ‘ഏമാന്നേ’

“പൊയ്ക്കോളാൻ പറഞ്ഞില്ലേ? എന്താണു വേണ്ടതു്?” ഞാൻ ചോദിച്ചു. അവൾ വീണ്ടും വിളിതുടങ്ങി, അതു മുമ്പത്തേക്കാൾ അധികം ദയനീയമായിരുന്നു. “ഏമാന്നേ!” അവൾ തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. “ഏമാന്നേ, ഏമാന്നു പെൺമക്കളില്ലേ? പെൺമക്കള്ളു്? ആരുമില്ലേ? ഇല്ലേ ഒന്നുകാണാൻ.”

എന്തിനാണിവൾ കുട്ടികളെ അന്വേഷിക്കുന്നതു്? എനിയ്ക്കൊരത്ഭുതം ജനിച്ചു. “കുസുമേ, കുസുമേ,” എന്റെ ആദ്യത്തെ പുത്രിയെ ഞാൻ വിളിച്ചുവരുത്തി. അവളെ കണ്ടതോടുകൂടി ഉന്മാദിനിയുടെ ഭാവം ആകെ പകൎന്നു. അവൾ കരച്ചിൽ നിൎത്തി, പൂൎവ്വാധികം ഉത്സാഹത്തോടും ആനന്ദത്തോടും കൂടിയവളായി കാണപ്പെട്ടു. അവൾ പെട്ടെന്നു

ഇറയത്തേയ്ക്കു് ഒരു പാച്ചിൽ പാഞ്ഞു കുസുമയെ—അവൾക്കു് അഞ്ചു വയസ്സേ ആയിട്ടുള്ളു—വാരിയെടുത്തു തെരുതെരെ അവളുടെ കവിളത്തും കണ്ണിലും കഴുത്തിലും എല്ലാം ഉമ്മവയ്ക്കുവാൻ തുടങ്ങി. കുട്ടി പേടിച്ചുരണ്ടു് ഉറക്കെ നിലവിളിച്ചു. ഞാൻ ഉന്മാദിനിയുടെ അടുക്കലേയ്ക്കു പാഞ്ഞുചെന്നു. ഞൊടിയിടകൊണ്ടു് അവൾ കുട്ടിയെ അവിടെവച്ചു് ഒരോട്ടം. ഞാൻ പടിക്കൽ ചെന്നപ്പോഴെയ്ക്കും അവൾ അപ്രത്യക്ഷയായി കഴിഞ്ഞിരുന്നു.

എന്താണിതിനർത്ഥം?

III

പട്ടണത്തിൽനിന്നു കുറച്ചു പടിഞ്ഞാറു മാറി ഒരു കുന്നുണ്ടു്. അതിൻെറ ചെരുവിലേയ്ക്കു് ഒരുദിവസം ഞാൻ നടക്കുവാൻ പുറപ്പെട്ടു. വഴിക്കു് ഒരു ശ്മശാനമുണ്ടു്. മടങ്ങുവാൻ കുറച്ചു നേരം വൈകി. ശ്മശാനത്തിൻെറ സമീപത്തെത്താറായപ്പോഴെക്കുംതന്നെ നല്ലവണ്ണം ഇരുട്ടായിരുന്നു. ഞാൻ ശ്മശാനത്തിൻെറ അടുത്തുവന്നു. ആശ്ചര്യം! എന്താണു കേൾക്കുന്നതു്? പാട്ടോ? എന്തു മധുരമായ സ്വരം! ഒരു സ്ത്രീ ഉറക്കുപാട്ടു പാടുന്നതുപോലെയാണു് എനിക്കു തോന്നിയതു്. ഞാൻ ശ്രദ്ധിച്ചു. "ഈ ശ്മശാനത്തിൽ വന്നു കുട്ടിയെ ഉറക്കുന്ന സ്ത്രീ ആരായിരിക്കും?" ഞാൻ തന്നത്താൻ ചോദിച്ചു. ഇരുട്ടിനെ തുളച്ചു്, എന്നുതന്നെ പറയട്ടെ, ഞാൻ എൻെറ ദൃഷ്ടികളെ ആ ശ്മശാനത്തിലേയ്ക്കു കടത്തി. തെല്ലൊരു പരിഭ്രമം, അല്ല, ഭയംതന്നെ എനിക്കുണ്ടായിരുന്നില്ലെന്നു ഞാൻ പറയുന്നില്ല. എങ്കിലും എനിക്കു നോക്കാതിരിക്കുവാൻ കഴിഞ്ഞില്ല. അവിടെ പൊക്കംകുറഞ്ഞു് ഇലകൾ കൊഴിഞ്ഞ ഒരു മരം നില്ക്കുന്നുണ്ടു്. അതിനു ചുവട്ടിൽനിന്നാണു പാട്ടു പുറപ്പെടുന്നതെന്നു് എനിക്കു മനസ്സിലായി. "ഓമനക്കുട്ടൻ ഗോവിന്ദൻ ബലരാമനെക്കൂടെക്കൂടാതെ" എന്നു വ്യക്തമായി ഞാൻ കേട്ടു. ഞാൻ പൂർവ്വാധികം ശ്രദ്ധയോടുകൂടി നോക്കി. മരത്തിനു ചുവട്ടിൽ മനുഷ്യശിരസ്സിൻെറ ഛായയിൽ വാർക്കപ്പെട്ട ഒരു ഇരുണ്ട നിഴൽക്കട്ട മുമ്പോട്ടും പിന്നോട്ടും ആടുന്നുണ്ടെന്നു് എനിക്കു തോന്നി. ഈ ഗാനം ആ നിഴൽപ്പിണ്ഡത്തിൻേറതുതന്നെ. ഒരോമനക്കുഞ്ഞിനെ കയ്യിലെടുത്തു പാട്ടുപാടിത്താരാട്ടുവാനുള്ള മോഹം സാധിക്കുന്നതിനു മുമ്പു് ഇഹലോകജീവിതം അവസാനിപ്പിക്കേണ്ടിവന്ന വല്ല ഹതഭാഗ്യയുടേയും പ്രേതമായിരിക്കുമോ അതു്? ലോകജീവിതത്തിൽ സംതൃപ്തിവരുന്നതിനു മുമ്പു മരിച്ചുപോയവരുടെ ആത്മാവുകൾ പ്രേതരൂപങ്ങളായി ഗതിവരാതെ ഭൂമിയിൽ സഞ്ചരിക്കുമെന്നു മുത്തശ്ശിയമ്മമാരുടെ 'പേടിക്കഥ'കളിൽ കേട്ടിട്ടുള്ളതു വാസ്തവമാണോ? ആ നിഴലിൻെറ

ചേഷ്ടകളിൽ ഞാൻ ഉൽക്കണ്ഠയോടും പരിഭ്രമത്തോടും തെല്ലൊരു ഭയത്തോടുംകൂടി ശ്രദ്ധ പതിപ്പിച്ചുനിന്നു. ആ പ്രേതം പാട്ടുനിർത്തി പതുക്കെ കുനിഞ്ഞ്, അതിൻെറ മടിയിൽ കിടക്കുന്ന എന്തോ ഒന്നിനെ ഉമ്മവയ്ക്കുന്നതായി എനിക്കു തോന്നി. അപ്പോഴേയ്ക്കും അതാ, ആ ശ്മശാനത്തിൻെറ ഒരു ഇരുണ്ട മൂലയ്ക്കൽനിന്നു മറ്റൊരു മനുഷ്യാകൃതിയിലുള്ള നിഴൽപ്പാടുകൂടി ഉയിർത്തെഴുന്നേററു. ആ പ്രേതം ഒരു പുരുഷൻേറതായിരുന്നു. അതിങ്ങനെ പ്രണയമധുരമായി ഒന്നു കൂകി. "ദേവൂ!" ഞാൻ അറിയാതെ ഒരു ഞെട്ടുഞെട്ടി. ഹാ! ഇതിന് ആ ഉന്മാദിനിയുടെ വിളിയുടെ എന്തൊരു ഛായ! മാത്രമല്ലാ അതു അവളുടേതിനേക്കാറം മധുരമായിരുന്നു! വികാരപൂർണ്ണമായിരുന്നു! ആ വിളിക്കു മറുപടിയായി മരച്ചുവട്ടിൽനിന്നു കിലുകിലെയുള്ള ഒരു പൊട്ടിച്ചിരി ആ നിശ്ശബ്ദതയെ അപ്പാടെ തകർത്ത് ആകാശത്തേയ്ക്കു പൊങ്ങി. അത് ആ ഉന്മാദിനിയുടെ ചിരിയായിരുന്നു; ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതാണ് അത്.

ആ കറുത്ത നിഴൽമനുഷ്യൻ ആ മരച്ചുവട്ടിലേയ്ക്കു നീണ്ട കാൽവെപ്പുകളോടുകൂടി അടുത്തു. മരച്ചുവട്ടിലെ നിഴൽ, ഉന്മാദിനി, എഴുന്നേററുനിന്നു. ആ പുരുഷപ്രേതം ഇങ്ങനെ ഒരിക്കൽ കൂടി കൂകി: "ദേവൂ!" അവറം ഒന്നുകൂടി പൊട്ടിച്ചിരിച്ചു — ആ പഴയ ചിരി. ആ രണ്ടു നിഴലുകളും കുറച്ചുനേരം അങ്ങനെത്തന്നെ നിന്നു; അന്യോന്യം കൂടിച്ചേർന്നു; ആ നിബിഡാന്ധകാരത്തിൽ അലിഞ്ഞുപോയി. അപ്പോഴും ഞാൻ അവിടെത്തന്നെ നോക്കിനില്ക്കുന്നു ഒന്നും കാണ്മാനില്ല കൂരിരുട്ട്. നിശ്ശബ്ദത. എന്തൊരിന്ദ്രജാലം? ഇതിനെന്താണർത്ഥം?

## IV

മറെറാരു പ്രഭാതത്തിൽ ആ ഉന്മാദിനി വീണ്ടും എൻെറ ഗൃഹത്തിൻെറ പടിക്കൽ വന്നുനില്പായി. മുററത്തു വട്ടുകളിച്ചിരുന്ന കുസുമയും അനുജത്തിമാരും പേടിച്ചു നിലവിളിച്ച് അകത്തേക്കു പാഞ്ഞു. ഞാൻ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശബ്ദം കേട്ടു പുറത്തേയ്ക്കു ചെന്നു നോക്കിയപ്പോറം ദേവു മുററത്തു കുനിഞ്ഞിരുന്ന് ഒരു കോലെടുത്തു കുഴിക്കുകയാണ്. അവളുടെ അടുത്തുതന്നെ ഒരു പനിനീർപ്പൂവു കിടക്കുന്നു. അവറം അതു കുഴിച്ചിടുവാനുള്ള ശ്രമമാണ്. എന്തോ ചിലതു 'പിറുപിറുക്കനെ' വളരെതാഴ്ന്ന സ്വരത്തിൽ പറയുന്നുണ്ട്. ഞാൻ ശ്രദ്ധിച്ചു. എന്നെ സംബന്ധിച്ചേടത്തോളമാണെങ്കിൽ, അവളെ ഞാനന്ന് ആ ശ്മശാനത്തിൽ വച്ചു കണ്ടുമുട്ടിയ മുതൽക്കു കരൽക്കണ്ഠയും അവളെക്കുറിച്ച് ഒരു ജിജ്ഞാസയും വളർന്നുവരുവാൻ തുട

ങ്ങിയിട്ടുണ്ട്. അവൾ ഇതാണു പറഞ്ഞിരുന്നത്: "ഏമാന്നു നന്നാവട്ടെ, നന്നാവട്ടെ, നന്നാവട്ടെ, നന്നാവട്ടെ. നാളെയ്യൊരു പൂവുകൂടി മുളച്ചില്ലെങ്കിൽ എൻ്റച്ഛൻ്റെ കൊങ്ങണം കത്തികൊണ്ട് ഒന്നുരണ്ടോന്നു രണ്ട്." അവൾ, തന്നെത്താൻ, വളരെ മെല്ലെ, എന്നാലും കിട്ടകിടെ ഒന്നു നന്നായി ചിരിച്ചു. എന്നിട്ടു വീണ്ടും തെല്ലുച്ചത്തിൽ ഇങ്ങനെ തുടർന്നു: "നാളെ ഒരു പൂവ്—മററന്നാളൊരു പൂവ്—നാലാന്നാളൊരു പൂവ്—പിന്നേം പൂവ്—പിന്നേം, പിന്നേം, പിന്നേം—പൂവു പൂവു പൂവു പൂവേ!" അവൾ പിടഞ്ഞവിടെനിന്നെഴുന്നേററു. അപ്പോഴേ എന്നെ കണ്ടുള്ളു. അവൾ എൻ്റെ മുഖത്തേക്കു തുറിച്ചുനോക്കി നില്പായി. ഈ നില്പിൽ അവൾ ഒരു പണികൂടി ചെയ്യുന്നു. അവൾ ആ പനിനീർപ്പൂവു ചവുട്ടിയരച്ചു; ആ കുണ്ടു തുത്തു കളഞ്ഞു. അവളുടെ ചുണ്ടത്തു ക്ഷണികമായ ഒരു മന്ദഹാസം തെളിഞ്ഞുമറഞ്ഞു. ഈ സമയത്തിന്നിടയ്ക്കു് ആ നിഴൽ—മനുഷ്യൻ്റെ ച്ഛായ പിടിച്ചു ഞാൻ കളിയായൊന്നു കൂകി: "ദേവൂ!"

പെട്ടെന്ന് അവളുടെ മുഖവും ദേഹവും ആകെയൊന്നു തിളങ്ങിയതായി ഞാൻ കണ്ടു. മറുപടിയായ ആ പൊട്ടിച്ചിരി ഉണ്ടായില്ല. അവൾ എൻ്റെ അടുക്കലേക്കു പാഞ്ഞുവന്നു. തൊട്ടു എന്ന ദിക്കായി. ഞാൻ അറിയാതെ പിന്നോട്ട് ഒരു ചാട്ടം ചാടി. അവൾ പെട്ടെന്ന് അവിടെനിന്നു. അവളുടെ മുഖം വിളറി; കണ്ണിൽ വെള്ളം നിറഞ്ഞു. ഒരു നിമിഷംകൊണ്ട് അവൾ തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. ഒരു ഉന്മാദിനിയുടെ കരച്ചിലിൽ വാസ്തവത്തിൽ എന്താണുള്ളത്? പക്ഷേ ഞാൻ അറിയാതെ, ആ സമയത്ത് ഒന്നബദ്ധമായതുപോലെ എൻ്റെ ഉള്ളിൽ ഒരു തോന്നലുണ്ടായി. 'മാരണം!' എന്നു ഞാൻ എന്നെത്തന്നെ ശപിച്ചു. അവളുടെ കരച്ചൽ ക്രമേണ ക്രമേണ അധികമായിത്തുടങ്ങി. ഞാൻ ഒരു ചെറിയ അമ്പരപ്പിലേക്കു കടന്നു. അവൾ പിന്നേയും കരയുകയാണ്. ഒടുവിൽ ഞാൻ ധൈര്യം പിടിച്ചു കടന്നു ചോദിച്ചു: 'എന്തിനാണു കരയുന്നത്?'' അവൾ അറിയാതെ ഒരു ഞെട്ടഞെട്ടി. മുഖം പൊത്തിപ്പിടിച്ചിരുന്ന കൈകൾ മുഴുവനും അവിടെനിന്നെടുക്കാതെ, വിങ്ങിത്തുടുത്ത കണ്ണുകളോടുകൂടി അവൾ എന്നെ നിർന്നിമേഷം നോക്കുകയായി. ഞാൻ വീണ്ടും ചോദിച്ചു. "എന്തിനാണു കരയുന്നത്?' ഈ ചോദ്യത്തിൽ ഞാൻ കഴിയുന്നതും ഗൌരവം കലർത്തുവാൻ ശ്രമിച്ചു. പക്ഷേ അതു നിഷ്ഫലമായതേയുള്ളു. ഞാൻ പറഞ്ഞു: "പൊയ്ക്കോളു."

അവൾ തേങ്ങിത്തേങ്ങിക്കൊണ്ടു ചോദിച്ചു: "എൻ്റിക്കാ കുട്ടിയെ ഒന്നു കാണിച്ചുതരുമോ?'' ആ ചോദ്യം അത്ര അലിവുതോന്നിക്കുന്നതായിരുന്നു. ഒരുന്മാദിനിയിൽനിന്നു പുറപ്പെടുവാൻ വയ്യാത്തവിധത്തിൽ അത്രമാത്രം. അല്ലെങ്കിൽ, അത്തരത്തിലുള്ള ഒരുന്മാദിനിയിൽനിന്നു മാത്രം പുറപ്പെടാവുന്നതു്.

ഞാൻ പറഞ്ഞു: "കാണിച്ചുതരാം. പക്ഷെ –"

ഞാൻ പറയാൻ പോകുന്നത് അവൾക്കു മനസ്സിലാകുമോ? മനസ്സിലായാൽത്തന്നെ അവൾ എന്തുചെയ്യും? സമാധാനം പറയുമോ? അവൾക്കു ഭ്രാന്താണ് – ഞാൻ ഇങ്ങനെ സംശയിച്ചുകൊണ്ടു നിൽക്കുന്നതിനിടയ്ക്കു് അവളുടെ ഭാവം ആകെ മാറിക്കഴിഞ്ഞിരുന്നു. കണ്ണുനീരുകൊണ്ടു നനഞ്ഞിരുന്ന അവളുടെ കവിൾത്തടം തുടുത്തു; ഒരു മന്ദസ്മിതത്താൽ അതു വികസിച്ചു. അവളുടെ നെററിയിലേയ്ക്കും മാറത്തേയ്ക്കും വീണുകിടന്നിരുന്ന ചെമ്പൻതലമുടി അവൾ കൈനഖങ്ങൾകൊണ്ടു കോതി പുറകോട്ടു് ഒതുക്കി. അവൾ നിവർന്നുനിന്നു. അവൾ കൈത്താളം കൊട്ടി അന്നു ശ്മശാനത്തിൽ വച്ചു പാടിയ ആ ഉറക്കുപാട്ടു ഭംഗിയായി പാടി നൃത്തം വയ്ക്കുവാൻ തുടങ്ങി. പകുതിയായപ്പോൾ അവൾ താളം പിടിക്കൽ നിർത്തി ഒരു കുട്ടിയെ ഉറക്കുന്നപോലെ കൈമലർത്തിപ്പിടിച്ചു മെല്ലെമെല്ലെ ആട്ടുകയായി. അവൾ ഒരു സങ്കല്പശിശുവിനു മുലകൊടുത്തു. അതിനെ ഉറക്കി; ചുംബിച്ചു. ഹാ! അതാ ഒരമ്മ! ആ അമ്മ പതുക്കെ പറഞ്ഞു: "ഇല്ല—ഇല്ല—ഉവ്വോ? എന്റെ ഓമന അമ്മയൊന്നുമ്മവയ്ക്കാൻ വരുമ്പോൾ മുഖം മാററുകയില്ല. അമ്മയൊന്നു കെട്ടിപ്പിടിച്ചെടുക്കാൻ വരുമ്പോൾ ഓടിപ്പോവുകയില്ല."

ഒടുവിൽ ഞാൻ അവളെ ആ സങ്കല്പത്തിൽ നിന്നുണർത്തി. എനിക്കുണർത്താൻ സാധിച്ചു! ഞാൻ പതുക്കെ ചോദിച്ചു. 'ദേവൂ' എന്നു ഞാൻ വിളിച്ചില്ല. "അന്നു് ആ ശ്മശാനത്തിൽ വച്ചു ഞാൻ നിന്നെ കണ്ടല്ലോ. എന്താണു നിനക്കവിടെ?" അവൾ എന്റെ മുഖത്തുനോക്കി, 'എട വങ്കാ'! എന്നർത്ഥമായ ഒരൊന്നാന്തരം ചിരിചിരിച്ചു – ഒരു പുതിയതരം പൊട്ടിച്ചിരി. എനിക്കും ചിരിവന്നു. ഞാനും ചിരിച്ചു. എന്റെ ചിരി വേഗം നിലച്ചു. അവളുടേതു നിലച്ചില്ല. "ആ ശ്മശാനത്തിൽ കണ്ട ആൾ, അതൊരാളാണെങ്കിൽ, ആരാണെന്നറിയണമെന്നു് എനിക്കു കലശലായ ഉൽക്കണ്ഠയുണ്ടു്. ഇവളിൽനിന്നു എങ്ങനെ മനസ്സിലാക്കാമിതു്?" ഈ ചോദ്യത്തിൽത്തന്നെ ഞാൻ മുഴുകി. അവൾ ചിരിക്കുന്നു. എന്റെ ചുററും നിന്നു നൃത്തം വയ്ക്കുന്നു.

ഞാൻ പഠിച്ച വിദ്യയെല്ലാം നോക്കി. അവളിൽനിന്നൊരു തുമ്പും കിട്ടിയില്ല. ഒടുവിൽ ഞാൻ ഏതാണ്ടു ദ്വേഷ്യപ്പെട്ട സ്വരത്തിൽ പറഞ്ഞു "ഇവിടെ നില്ക്കണ്ട: പൊയ്ക്കോള്ളു. നിന്റെ വേക്കുത്തു്! പോ!" അവൾ കുറെക്കൂടി ഉറക്കെ പൊട്ടിച്ചിരിച്ചു; എന്നെ തിരിഞ്ഞു നോക്കി തിരിഞ്ഞുനോക്കി, ചിരിച്ചു ചിരിച്ചു്, തെരുവിന്റെ ഒരു മൂലയ്ക്കൽ ഓടി മറിഞ്ഞു.

## V

അതൊന്നറിയണമല്ലോ. ഈ 'ദേവൂ' എന്ന വിളിയിൽ ഇവൾ ഇത്ര ആവേശംകൊള്ളുന്നതു് എന്താണു്? ആരാണു് ആ ശ്മശാനത്തിലെ നിഴൽമനുഷ്യൻ? പുറമെ ഈ ഉന്മാദത്തിന്റെ കലക്കലുണ്ടാക്കിക്കൊണ്ടു് അവളുടെ ജീവിതചരിത്രത്തിന്റെ അഗാധതയിൽ കിടന്നു കൂറാംകുത്തുന്ന ഈ രണ്ടു ജന്തുക്കളെ ഒന്നു കാണാൻ! 'ദേവൂ' എന്ന ആ നീണ്ട വിളി ഒരു വലിയ ജലസർപ്പമാണു്; ആ മനുഷ്യൻ ഒരു തിമിംഗലവും.

അനവധിതവണ ഞാൻ പുറപ്പെട്ടു 'വേണ്ട' എന്നു വെച്ച ആ ശ്മശാനയാത്ര അന്നേദിവസംതന്നെ ഉണ്ടായി. സന്ധ്യയോടുകൂടി ഞാൻ അവിടെ എത്തി. ആ പ്രദേശം വിജനമായിരുന്നു. പശ്ചിമചക്രവാളത്തിൽ അന്തിച്ചുവപ്പു മാഞ്ഞിട്ടില്ല. സാന്ധ്യതാരം തെളിഞ്ഞു. കൊയ്ത്തുകഴിഞ്ഞ പാടത്തേക്കു പാതവക്കിൽനിന്നു് ഉന്തിനില്ക്കുന്ന ആ ശവപ്പറമ്പു് അനേകം ശവക്കുഴികളാകുന്ന നിർജ്ജീവനേത്രങ്ങളെക്കൊണ്ടു് ആകാശത്തേക്കു തുറിച്ചുനോക്കുന്നപോലെ തോന്നി. ആ ഉണങ്ങാറായ മരം അവിടെനിന്നു വിറയ്ക്കുന്നു. അതിനു ചുവട്ടിൽ ഒരു മൺതറയുണ്ടു്. ഇരുട്ടുവന്നു. ആ ശവക്കുഴിയോരോന്നും അന്ധകാരം വലിച്ചുകുടിക്കുന്ന ഒരു വൃദ്ധപിശാചിയുടെ നിർദ്ദന്തങ്ങളായ വക്ത്രകുഹരങ്ങളായി മാറി. ആ ഉന്മാദിനി അന്നവിടെ വന്നിട്ടില്ല. ഒരുപക്ഷേ അവൾ ഇനി വരികയില്ലെന്നുണ്ടോ? ഞാൻ ആ മരത്തിനു ചുവട്ടിലുള്ള മൺതറയിന്മേൽ ചെന്നിരുന്നു. ആരുടെ മാറത്താണാവോ ഞാനിരിക്കുന്നതു്? ചുറ്റും അന്ധകാരം! നിശ്ശബ്ദത! ശവക്കുഴികൾ! വിറങ്ങലിച്ചു് രണ്ടു മണിക്കൂറുകൾ കടന്നുപോയി. പെട്ടെന്നു ഞാൻ അന്നു് നിഴൽമനുഷ്യനെ കണ്ട ആ മൂലയ്ക്കൽനിന്നുതന്നെ ഒരു ശബ്ദം കേട്ടു. ആ നിഴൽമനുഷ്യൻ ഉയിർത്തെഴുന്നേററിരിക്കുന്നു! അയാൾ എവിടെനിന്നു വന്നു? എപ്പോൾ വന്നു? ഒന്നും എനിക്കറിഞ്ഞുകൂടാ. അയാൾ അന്നത്തെപ്പോലെത്തന്നെ, അല്ലെങ്കിൽ പതിവുപോലെത്തന്നെ, ആ കൂകൽ കൂകി. "ദേവൂ!"

ദേവുവിന്റെ മറുപടി—ആ പൊട്ടിച്ചിരി—ഞാനൊന്നനുകരിച്ചു. നല്ല നേരെയായില്ല. എങ്കിലും അയാൾ അതു ശ്രദ്ധിച്ചില്ല എന്നു തോന്നി. ആ നീണ്ട കാൽവെപ്പുകളോടുകൂടി അയാൾ എന്റെ അടുക്കലേയ്ക്കു നടന്നുവന്നു. എന്റെ ദേഹം മുഴുവൻ വിയർത്തു. അടിമുതൽ മുടിവരെ ഞാൻ വിറച്ചു. നല്ല മഞ്ഞുണ്ടായിരുന്നു. എന്റെ കാൽച്ചുവട്ടിലെ പുൽപ്പരപ്പിനു മരണത്തിന്റെ തണുപ്പു്. എന്റെ ദേഹമാസകലം തരിച്ചിരിക്കുന്നതായി എനിക്കു തോന്നി. അയാളുടെ ഓരോ ഉറച്ച കാൽവെപ്പിനും ഇടയിൽ എന്റെ ഹൃദയം ഒരായിരംതവണ ചെവിയിൽവന്നു മിടിച്ചു. അയാൾ എത്താണ്ടു് അടുത്തു. ഒരൊത്ത ആൾ. അയാളുടെ യാ

തൊന്നും വ്യക്തമായി എനിയ്ക്കു കാണുവാൻ കഴിഞ്ഞില്ല. അടുത്തടുത്തു വരുംതോറും ആൾ പൊക്കംവെയ്ക്കുന്നതായി എനിയ്ക്കു തോന്നി. ഞാൻ എഴുന്നേറ്റു. എനിയ്ക്കൊരടി മുമ്പോട്ടു വെയ്ക്കുവാൻ വയ്യ! അയാൾ കുറേക്കൂടി അടുത്തു. കുറച്ചുകൂടി അടുത്തു. ഞാൻ വീഴുമോ എന്നെനിക്കു ഭയമായി. ഞാൻ മുന്നോട്ടു ചാഞ്ഞു. അയാൾ എന്നെ താങ്ങി. അയാളുടെ ദേഹം മുഴുവൻ കോരിത്തരിച്ചിരുന്നു! എന്റെ സ്പർശനം അയാളെ ഒരു ഞെട്ടുഞെട്ടിച്ചു. "ദേവ്യ"വല്ലെന്നു് അയാൾക്കു മനസ്സിലായി. ഒരുറച്ച സ്വരം എന്നോടു പതുക്കെ ചോദിച്ചു: "ആരതു്?" ആ ചോദ്യം എന്നെ ഒന്നു ധൈര്യപ്പെടുത്തി. ആൾ ദുർവ്വിചാരക്കാരനല്ലെന്നു എനിക്കു എങ്ങിനെയോ തോന്നി. അയാളുടെ തോളത്തു, മുറുകെ പിടിച്ചുകൊണ്ടു ഞാനും ചോദിച്ചു: 'നിങ്ങളാര്?' കുറച്ചുനേരത്തേയ്ക്കു മൗനം. അയാൾ എന്റെ പിടുത്തം വിടുവിക്കുവാൻ ശ്രമിച്ചിരുന്നു. അയാൾക്കു വേണമെങ്കിൽ അതിനു പ്രയാസമുണ്ടായിരുന്നില്ല. പക്ഷെ അയാളുടെ കൈകൾ വിറച്ചിരുന്നു; ദേഹം വിറച്ചിരുന്നു. അയാളുടെ സർവ്വബലങ്ങളും ഉരുകുന്നതുപോലെ അയാൾ നിന്നു വിയർക്കുന്നുണ്ടു്. അയാൾ എന്നെ താങ്ങുക എന്ന നിലവിട്ടു്, ഞാൻ അയാളെ വീഴാതെ പിടിച്ചുനിർത്തുക എന്ന നിലയായി. ഒടുവിൽ ഞാൻ പറഞ്ഞു: "അവിടെ ഇരുന്നുകൊള്ളു." അയാൾ ഒന്നും പറയാതെ അതനുസരിച്ചു. അയാളുടെ അടുത്തു ഞാനും ഇരുന്നു. അയാൾ തല കുനിച്ചിരുന്നു കിതയ്ക്കുന്നു. ഞാൻ ആ മനുഷ്യനോടു് ഒന്നുകൂടി ചോദിച്ചു: "നിങ്ങളാര്?" അയാൾ ഒന്നും പറയുവാൻ തെയ്യാറുള്ളതായി തോന്നിയില്ല. അയാൾ പതുക്കെ, മുഖം ഉയർത്താതെ, കണ്ണിന്റെ മൂകൾഭാഗംകൊണ്ടു് എന്നെ ഒന്നു നോക്കി. കുറെനേരം പിന്നെയും കഴിഞ്ഞു. ആ മനുഷ്യൻ അവിടെനിന്നെഴുന്നേറ്റു. കൂടെ ഞാനും. ഞാൻ അയാളുടെ കൈ കടന്നുപിടിച്ചു വീണ്ടും ചോദിച്ചു: "ആരാണു നിങ്ങൾ? എന്തിനാണിവിടെ ദിവസവും വരുന്നതു്? ആ ഉന്മാദിനി നിങ്ങളുടെ ആരാണ്? യാതൊന്നും ശങ്കിക്കണ്ട. എനിക്കു നിങ്ങളെ വല്ലവിധത്തിലും സഹായിക്കുവാൻ സാധിക്കുമെങ്കിൽ, നിങ്ങൾക്കതാവശ്യമുണ്ടെങ്കിൽ, ഞാൻ അതിനു തയ്യാറാണ്. നിങ്ങൾ എന്നെയും സഹായിക്കണം. ഞാൻ അവളെ പലതവണയായി കാണുന്നു. അവളുടെ കാര്യത്തിൽ ഒരൗൽസുക്യം ജനിക്കത്തക്ക ഒരു സംഭവം എന്റെ ഗൃഹത്തിൽവച്ചു ഒരുദിവസം നടക്കുകയുണ്ടായി. അവളുടെ സംഗതി മുഴുവൻ എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്."

അയാൾ പറഞ്ഞു: "ഞാൻ നിങ്ങളുടെ കൂടെ ഇന്നു പോരാം.

എനിയ്ക്കെന്തെങ്കിലും കഴിക്കണം. വളരെ ദിവസമായി ഞാൻ അന്നം ഭക്ഷിച്ചിട്ട്. നിങ്ങൾക്കതു സമ്മതമാണോ?"

"എന്റെ കൂടെ പോരു", ഞാൻ പറഞ്ഞു: "ഇന്നു സുഭിക്ഷമായി നിങ്ങൾക്ക് ഉണ്ണാം. മറ്റൊരുവിധത്തിൽ നിങ്ങൾ എന്നേയും ഊട്ടണം."

അയാൾ ഒരു നെടുവീർപ്പുവിട്ടു, ഞാൻ തല്ക്കാലം ഒന്നു സംസാരിക്കേണ്ടെന്നു വച്ച് മുമ്പെ നടന്നു. അയാൾ എന്റെ പിന്നാലേയും.

## VI

രാത്രി ഊണുകഴിഞ്ഞു ആ മനുഷ്യൻ എന്റെ മുമ്പിലിരിക്കുന്നു. തെളിഞ്ഞുകത്തുന്ന മേശവിളക്കിന്റെ പ്രകാശത്തിൽ എനിക്കയാളെ നല്ലവണ്ണം കാണാം. ഒരു മര്യാദക്കാരന്റേതായ അയാളുടെ മുഖം വ്യസനം നിറഞ്ഞതായിരുന്നു. ആ മനുഷ്യൻ അനേകം നെടുവീർപ്പുകളുടെ ഇടയിൽ കൂടെ ആ ഉന്മാദിനിയുടെ കഥ ഇങ്ങനെ പറയുവാൻ തുടങ്ങി:—

"അവൾ എന്റെ ഒരു സ്നേഹിതന്റെ ഭാര്യയാണ്. അവൾക്ക് ഒരു കുട്ടിയുണ്ടായിരുന്നു. നിങ്ങൾ അന്നു സന്ധ്യക്കു കണ്ടതും, ഇപ്പറയുന്നതും കൂടി യോജിപ്പിക്കുമ്പോൾ എന്നെ സംശയിക്കുന്നുണ്ടാവാം. പക്ഷെ എന്റെ കഥ മുഴുവൻ പറഞ്ഞുകേട്ടിട്ടുവേണം ഞാൻ ചെയ്യുന്നതു്, അല്ലെങ്കിൽ ചെയ്തതു്, ശരിയോ തെറ്റോ എന്നു നിശ്ചയിക്കുവാൻ. തുടരട്ടെ. അവർ വളരെകാലം സുഖമായി ജീവിച്ചു. അവർക്കു ബന്ധുക്കളായി ആരുമില്ല. ഒരു ദിവസം സന്ധ്യക്കു് അച്ഛനും മകളും കൂടി കാററുകൊള്ളുവാൻ പുറപ്പെട്ടു. പട്ടണത്തിൽ നാലുംകൂടിയ വഴിക്കുവച്ച്—വലിയ തിരക്കാണവിടെ—ഒരു കാർ വന്നു എങ്ങിനെയോ അവരുടെ മേൽ കയറി. രണ്ടുപേരും അപ്പോൾതന്നെ കഴിഞ്ഞു. അടുത്തൊരു ദിക്കിൽ ഞാനുണ്ടായിരുന്നു. ആളുകളുടെ ലഹളകേട്ടു ഓടിവന്നു നോക്കിയപ്പോൾ കണ്ട കാഴ്ച ഹാ! ദേവകിയോട് ഈ വിവരം പറയേണ്ട ചുമതല എന്റേതായിത്തീന്നു. അവളുടെ നേർക്ക്, ആകെ തീപിടിച്ചപോലായ ഞാൻ, നിയതിയുടെ ഒരാഗ്നേയാസ്ത്രംപോലെ പാഞ്ഞുചെന്നു. എനിക്കു് അവളോടതു പറയേണ്ടിവന്നില്ല. വഴിയിൽകൂടി പോകുന്നവരുടെ സംസാരവും എന്റെ സമ്പ്രദായങ്ങളുംകൂട്ടിച്ചേർത്തു അവൾ കാര്യം ഗ്രഹിച്ചു. പിന്നത്തെ കഥയെന്തു്? അവൾ നിന്നനിലയിൽ നിന്നു വിറങ്ങലിച്ചു നിലം പതിച്ചു. അതിനിടക്കു പോലീസും ആളുകളുംകൂടി ശവം രണ്ടും ഗൃഹത്തിലേക്കെത്തിച്ചു. ഡോക്ടരുടേയും മജിസ്ട്രേട്ടിന്റേയും കൃത്യങ്ങളെല്ലാം മുറയ്ക്കുനടന്നു. മാലതി പിന്നേയും മോഹാലസ്യത്തിലാണ്. ഒരു വിധ

ത്തിൽ ഞാൻ ഇവരുടെ സംസ്കാരത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യിച്ചു. ആ ശ്മശാനത്തിലാണ് അവരെ മറവുചെയ്തതു്. ശ്മശാനത്തിലേയ്ക്കു ഞാനും പോയി. ആയിടയ്ക്കു ഞാൻ മാലതിയെ പരിചാരികമാരേയും ഡോക്ടരേയുമാണേല്പിച്ചിരുന്നതു്. ഡോക്ടർ തന്റെ ചില ഔഷധപ്രയോഗങ്ങളെല്ലാം കഴിഞ്ഞതിനുശേഷം, അവർ ഉറങ്ങുകയാണു വിളിക്കേണ്ട എന്നു പറഞ്ഞുപോയി. പരിചാരികമാർ മറ്റൊരിടത്തുപോയി ഉറക്കം തുടങ്ങി. കുറച്ചുകഴിഞ്ഞു മാലതി അവിടെ നിന്നെഴുന്നേററു. നേരം രാത്രി കഴിയാറായിരിക്കുന്നു. ആരും എങ്ങും ഇല്ലെന്ന വളറിഞ്ഞു. അവൾ നേരെ ആ സംഭവം നടന്ന സ്ഥലത്തേയ്ക്കു പാഞ്ഞു. അവിടെ കുറച്ചു സ്ഥലം ചോരകൊണ്ടു ചളികെട്ടിക്കിടന്നിരുന്നു. അവൾ അതിൽ ചെന്നു അറിയാതെ ചവിട്ടിയിട്ടായിരിക്കണം, അവളുടെ ഭർത്താവും മകളും കിടന്നു മരിച്ച ആ സ്ഥലത്തുതന്നെ എത്തിച്ചേർന്നു. അവൾ എന്തെല്ലാം അവിടെ ചെയ്തു എന്നാർക്കും അറിഞ്ഞുകൂടാ. ശ്മശാനത്തിൽ നിന്നു മടങ്ങി വരുന്ന വഴിക്കു ഞങ്ങൾ ആ സ്ഥലത്തേയ്ക്കു ചെന്നു. അപ്പോൾ കണ്ട കാഴ്ച ഹാ! ആ ചോരയിലുണ്ടു് മാലതി കമിഴ്ന്നുകിടന്നുരുളുന്നു. കാലടിശബ്ദം കേട്ടപ്പോൾ അവൾ തലപൊന്തിച്ചുനോക്കി. വെളിച്ചവും ആളുകളേയും കണ്ടപ്പോൾ അവൾ എഴുന്നേററു ഞങ്ങളുടെ നേരെ തിരിഞ്ഞുനിന്നു. ഉടുവസ്ത്രം പകുതിയിലധികം കിഴിഞ്ഞും, തലമുടി പാറിപ്പറന്നും, ദേഹമാസകലം ചോരപുരണ്ടു ചുവന്നും, അവരുടെ വേഷം കാഴ്ചയിൽ ബീഭത്സമായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും മനസ്സിലായി സംഭവിച്ചതെന്താണെന്നു്. അവളുടെ കണ്ണുകൾ പറഞ്ഞു അവളാരായി എന്നു്. അവൾ മരിച്ചിരുന്നെങ്കിൽ എനിക്കിത്ര സങ്കടമുണ്ടാകുകയില്ലായിരുന്നു! ആ സന്ദർഭത്തിൽ എനിയ്ക്കൊന്നും മിണ്ടുവാൻ സാധിച്ചില്ല. കാവൽക്കാരികളുടെ അശ്രദ്ധയിൽ തോന്നിയ ദേഷ്യവും, ഈ പുതിയ ആപത്തു കണ്ടുണ്ടായ വ്യസനവും എല്ലാംകൂടി എനിക്കും ഭ്രാന്തുപിടിക്കുമോ എന്നു സംശയം തോന്നിപ്പോയി. ഞങ്ങൾ ഒരുവിധത്തിൽ അവളെ വീട്ടിലേയ്ക്കു കൊണ്ടുവന്നു. ഞങ്ങൾ വന്നപ്പോൾ പരിചാരികമാർ ഉറക്കമാണു്! നിഷ്ഠുരകൾ! അവരെ കണ്ടപ്പോൾ എനിക്കു സഹിച്ചില്ല. "പാപികളേ!" ഞാനൊരലച്ചയലറി. അവർ പിടഞ്ഞെഴുന്നേററപ്പോൾ ആദ്യം കണ്ടതു ബീഭത്സരൂപത്തിൽ അടുത്തുതന്നെ കൊണ്ടുനിർത്തിയിരുന്ന മാലതിയെ ആയിരുന്നു. 'അയ്യോ!' എന്നൊരു നിലവിളിയോടുകൂടി അവർ രണ്ടുപേരും നിലംപതിച്ചു. ഞാൻ അവരെക്കുറിച്ചന്വേഷിക്കാനേ പോയില്ല. ഇവളെ ഒരുവിധത്തിൽ ചില അയൽവക്കക്കാരികളുടെ സഹായത്തോടുകൂടി (അപ്പോ

ഴെക്കു നേരം പ്രകാശമായിരുന്നു) കുളിപ്പിച്ചു വസ്ത്രം മാററി ഒരു മുറിയിൽ കൊണ്ടാക്കി. അന്നവൾ യാതൊന്നും കഴിക്കുകയുണ്ടായില്ല. അവൾ കരഞ്ഞിരുന്നില്ല. ശബ്ദിച്ചിരുന്നില്ല. നാലഞ്ചുതവണ അവൾ ആ സംഭവം നടന്ന സ്ഥലത്തേക്കു പുറപ്പെടുകയുണ്ടായി. അപ്പോഴെല്ലാം തടഞ്ഞു ഞങ്ങൾ അവളെ വീണ്ടും മുറിയിലാക്കി. രണ്ടാമത്തെത്തവണ ഞങ്ങൾ തടഞ്ഞപ്പോൾ — അപ്പോൾ — ഒന്നാമതായി അവൾ പൊട്ടിക്കരഞ്ഞു. അവിടന്നോങ്ങോട്ടേ ഉറയ്ക്കു കരയുവാൻ അവൾ തുടങ്ങിയുള്ളു. ഭർത്താവിനെയും മകളേയും ഒന്നുരണ്ടു തവണ വിളിക്കുന്നതു ഞാൻ കേട്ടു. അയ്യോ! എന്തൊരു വിളി! അതു കേൾക്കുകവയ്യ. അവൾ പറയുന്നതൊന്നും കേൾക്കുവാൻ വയ്യാത്ത ഒരു സ്ഥലത്തു ഞാൻ ചെന്നിരിപ്പായി. രണ്ടു സ്ത്രീകളെ കാവലിനിരുത്തി. അവളെ മുറിയിലിട്ടു വാതിലടയ്ക്കുവാൻ എന്റെ മനസ്സനുവദിച്ചില്ല. ഹാ! തലേദിവസംവരെയും എന്തൊരു തന്റേടമായിരുന്നു? എന്തൊരു ഇരുത്തമായിരുന്നു. ആ സുശീലയെ, ആ പരിശുദ്ധയെ, മുറിയിലിട്ടു വാതിലടച്ചുപൂട്ടേണ്ട ഒരു ദിവസം വന്നു! അതാലോചിക്കുമ്പോൾ—

“ദുരിതങ്ങൾ ഇതുകൊണ്ടവസാനിച്ചില്ല. വൈകുന്നേരമായപ്പോഴെയ്ക്കും കാര്യം കുറെക്കൂടി കഷ്ടത്തിലായി. സുകുമാരൻ ഒരു കടക്കാരനാണെന്നു്, അതും അത്രവലിയ ഒരു സംഖ്യയുണ്ടെന്നു്, ഇത്രകാലം അയാളുമായി അടുത്തു പെരുമാറിയിട്ടും ഞാൻ മനസ്സിലാക്കിയിരുന്നില്ല. വൈകുന്നേരമായപ്പോഴെക്കും കടക്കാർ വീടു ജപ്തിചെയ്യുവാൻ വന്നു. സ്വകാര്യസ്വത്തായി ആ മനുഷ്യനു് ഒരു പൈപോലും ഇല്ല. അവരിൽ ഒരാൾ മാലതിയെ ഇപ്പോൾതന്നെ ഭ്രാന്തശാലയിലേയ്ക്കയയ്ക്കുവാൻ പോകുന്നു എന്നു് എന്നോടു പറയുകയുണ്ടായി. ഞാൻ അതിനു സമ്മതിക്കാതെ അവളെ അന്നുതന്നെ എന്റെ ഗൃഹത്തിലേക്കു കൊണ്ടുപോന്നു. അവിടെ എന്റെ മുറിയൊഴിച്ചു അവളെ അതിൽ താമസിപ്പിച്ചു. പക്ഷേ അവിടത്തെ താമസവും അധികകാലത്തേയ്ക്കു നീണ്ടുനിന്നില്ല. ഞാൻ വീട്ടിലെ ഒരനന്തിരവനാണു്. അടുത്തവരായി, അമ്മയോ, സോദരിമാരോ, ജ്യേഷ്ഠന്മാരോ ആരുമില്ലാത്തവൻ കാരണവരുടെ ഒരകന്ന ചാച്ചക്കാരൻ മാത്രം. പോരെങ്കിൽ ഞാൻ യാതൊന്നും സമ്പാദിക്കുന്നുമില്ല. ഒന്നുരണ്ടു ദിവസം കഴിഞ്ഞു. ‘എങ്ങാനും കിടക്കുന്ന ഈ ഭ്രാന്തത്തിയെ ഇവിടെ വലിച്ചുകൊണ്ടുവന്നിട്ടു് ഇവിടെ ആരുനോക്കാനാ? അതിന്റെ പരികർമ്മത്തിനു നിൽക്കാനാ ഞാൻ ഇവിടെ വാല്യക്കാരെയൊക്കെ താമസിപ്പിച്ചിരിക്കുന്നതു്?’ മാലതിയെ കുളിപ്പിക്കുവാൻ കൊണ്ടുപോയിരുന്ന ഒരു ഭൃത്യയെ അമ്മാവൻ തത്സമയം വിളിക്കുകയും, കാണാഞ്ഞു വിവരം

അന്വേഷിച്ചറിഞ്ഞപ്പോൾ പറയുകയും ചെയ്ത വാക്കാണിതു്. ഞാനതു് കേട്ടു. എനിക്കു് എന്തുവേണ്ടു എന്നു നിശ്ചയമില്ലാതായി. ഉടനെതന്നെ അമ്മാവന്റെ കല്പന പുറപ്പെട്ടു "പിടിച്ചു പുറത്താക്കു അവളെ! ഇനി ഇവിടെ കാണരുതു്! ഉപദ്രവം" വാലിയക്കാരി, അതു കേൾക്കേണ്ടതാമസം അവളെ അവളുടെ പാട്ടിനു വിട്ടു് പോയി. മാലതിയും അമ്മാമൻ ഇ റയുന്നതു കേട്ടു. ഉന്മാദത്തിൽ മറഞ്ഞുകിടന്നിരുന്ന അവളുടെ ആത്മബോധം അപ്പോൾ ഉണർന്നിരിക്കുകയായിരുന്നു എന്നു തോന്നുന്നു. ഇതു കേട്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. അവൾ തലയും താഴ്ത്തി ഒട്ടും ഭ്രാന്തില്ലാത്തവളെപ്പോലെ ആ വെയിലത്തു് പതുക്കെപ്പതുക്കെ പടിക്കുനേരെ പോകുന്നതു ഞാൻ കണ്ടു. പിന്നാലെ ഞാനും പോയി. എനിക്കതു കണ്ടു സഹിച്ചില്ല. വാസ്തവത്തിൽ സുകുമാരൻ പല സന്ദർഭങ്ങളിലുമായി, നോക്കുകയാണെങ്കിൽ അമ്മാവനേക്കാൾ അധികം, ഓരോ കാര്യങ്ങൾക്കു വേണ്ടി എന്നെ സഹായിച്ചിട്ടുണ്ടു്. ആ സുഹൃത്തിന്റെ ഭാര്യ ഈ ഉന്മാദാവസ്ഥയിൽ, ഇരിക്കുവാൻ ഒരു വീടില്ലാതെ, അനാഥയായി, തെരുവിലേക്കിറങ്ങുന്ന കാഴ്ച ഞാൻ എങ്ങനെ കണ്ടുകൊണ്ടിരിക്കും? അമ്മാവനോടു യാതൊന്നും ഞാൻ പറഞ്ഞില്ല. ഞാൻ നേരെ അവളുടെ പിന്നാലെ നടന്നു. ഇനി ഈ പടിക്കകത്തു കാലെടുത്തു കുത്തുകയില്ലെന്നു ഉള്ളുകൊണ്ടു ഒരു ശപഥവും ചെയ്തു.

"ദേവകി പടിക്കു പുറത്തിറങ്ങി. അവൾ തിരിഞ്ഞുനോക്കി. എന്നെക്കണ്ടു അവൾ എന്നെ തുറിച്ചുനോക്കുവാൻ തുടങ്ങി. കണ്ണുനീർകൊണ്ടു് അവളുടെ കവിൾത്തടം നനഞ്ഞിരുന്നു. ഞാൻ നേരെ അവളുടെ അടുക്കലേക്കു നടന്നു. ഈ കാലത്തിനിടയ്ക്കു അവളുടെ ഉന്മാദത്തിന്റെ സമ്പ്രദായത്തിനു ചില മാററങ്ങൾ വന്നിരുന്നു. അവൾ ധാരാളം സംസാരിക്കും. മാറിമാറി ഓരോന്നു സംസാരിക്കും. അതിടയ്ക്കിടയ്ക്കെല്ലാം അവളുടെ കുട്ടിയെ സംബന്ധിച്ചാവും, അല്ലെങ്കിൽ അവളുടെ ഭർത്താവിനെ സംബന്ധിച്ചാവും. ഒരു കാര്യമുണ്ടു്: ആ സംഭവം കഴിഞ്ഞതിനു ശേഷം അവൾ ചിരിക്കുകയുണ്ടായിട്ടില്ല. കരയും. അത്രമാത്രം.

ഞാൻ അവളുടെ അടുത്തെത്തി. വളരെ ഹൃദയഭേദകമായ വിധത്തിൽ, അത്രമാത്രം ദയനീയമായ സ്വരത്തിൽ അവൾ എന്നെ വിളിച്ചു—'വാസു!' കുറച്ചു കഴിഞ്ഞു് അവൾ ഒന്നുകൂടി വിളിച്ചുചോദിച്ചു: "വാസു! അറിയാമോ വാസു! സുകുമാരൻ എവിടെ? എന്റെ ഓമന ദേവകിയെവിടെ?" അവൾ പൊട്ടിക്കരഞ്ഞു: എനിക്കതു കണ്ടുനില്ക്കുവാൻ സാധിച്ചില്ല. അവൾ ഉറക്കെ വാവിട്ടു കരയുവാൻ തുടങ്ങി. അവൾ വീണ്ടും ചോദിച്ചു. എവിടെ 'വാസു? സുകുമാരനെവിടെ?

ദേവകിയെവിടെ?" അവൾ തലമുടി പിച്ചിപ്പറിക്കുവാൻ തുടങ്ങി. കവിൾത്തടം മാന്തിപ്പൊളിക്കുവാൻ തുടങ്ങി. തിപ്പാലത്തിന്മേൽ നില്ക്കുന്നതുപോലെ തുള്ളുവാൻ തുടങ്ങി. അവൾ അലറുകയായി. "എവിടെ വാസു, എവിടെ? അവരെവിടെ? വേഗം പറയൂ! പറയൂ!! പറയൂ!!!" അവൾക്കു നിൽക്കുവാൻ വയ്യാതായപോലെ തോന്നി! 'അയ്യോ!' എന്നു ഉറക്കെ കരഞ്ഞുവിളിച്ചു അവൾ ഒരു പാച്ചിൽ കൊടുത്തു. ഞാനും പിന്നാലെ കൂടുവാൻ ശ്രമിച്ചു. എനിക്കു സാധിച്ചില്ല ഞാൻ കാൽകുഴഞ്ഞു കമിഴ്ന്നടിച്ചു വീഴുകയാണുണ്ടായതു്. എഴുന്നേററപ്പോഴെക്കും അവൾ പോയ്ക്കഴിഞ്ഞിരിക്കുന്നു.

അവളെ നാലു ദിവസം ഞാൻ അന്വേഷിച്ചുനടന്നു. പലരോടും ചോദിച്ചതിൽ അന്നേദിവസം കണ്ടവർ പലരും ഉണ്ടു്. പക്ഷേ ആൎക്കും അവൾ എവിടെയാണെന്നറിഞ്ഞുകൂടാ. ഞാൻ കിടന്നു തിരിയുകയായി. ഇരന്നു കുറച്ചുദിവസം ഭക്ഷണം കഴിച്ചു. ഒടുവിൽ അതു കഴികയില്ലെന്നുവച്ചു സന്യാസിച്ചുകളയാൻ തീൎച്ചയാക്കി. കാശിയിലേക്കു പോയ്ക്കളയാൻതന്നെ തുനിഞ്ഞു. അപ്പോൾ എനിക്കൊന്നുകൂടിതോന്നി: ആ ശ്മശാനത്തിൽ ചെന്നു് സുകുമാരൻേറയും ദേവകിയുടേയും ദേഹഭസ്മങ്ങൾ രണ്ടു പാത്രത്തിലാക്കി ഗംഗയിൽകൊണ്ടുപോയിട്ടാൽ എന്താണെന്നു്. ഞാനതിനുവേണ്ടി ഒരു ദിവസം സന്ധ്യയോടുകൂടി അവിടെചെന്നു. നിങ്ങൾകേട്ടതുപോലെ തന്നെ ഞാനും ആദ്യം ആരുടെയെന്നറിയാൻ പാടില്ലാത്ത ഒരുറക്കുപാട്ടുകേട്ടു. ഞാൻ മറഞ്ഞുനിന്നു അതാരുടെയെന്നുനോക്കി. ആളെകണ്ടപ്പോൾ എനിക്കു മനസ്സിലായി. ആരോ അവളുടെ ഭൎത്താവിനേയും മകളേയും അവിടെയാണു സംസ്കരിച്ചതെന്നു എങ്ങിനെയോ അവളെ ധരിപ്പിച്ചിട്ടുണ്ടാവണം. ഈശ്വരാ! അവിടുത്തെ മായാവിലാസങ്ങൾ! ഹാ! അവിടെയുണ്ടവൾ ഒരു കുട്ടിയെ ഉറക്കുന്നു. താരാട്ടുന്നു, ചുംബിക്കുന്നു. എല്ലാം സങ്കല്പം. എൻെറ ഹൃദയം തകൎന്നുപോയി. ഞാൻ കുറച്ചുനേരം അതുനോക്കിക്കൊണ്ടുനിന്നു. വളരെ ദിവസങ്ങളായി അവൾ പട്ടിണികിടക്കുകയായിരുന്നിരിക്കണം. ദേഹം അത്രക്കു ചടച്ചിരിക്കുന്നു. അല്ലെങ്കിൽ ആരുണ്ടവൾക്കു ഭക്ഷണം കൊടുക്കുവാൻ? അവൾ കുട്ടിയെ ഉറക്കിക്കിടത്തി. ഒടുവിൽ ഭൎത്താവിൻെറ വരവിനു കാത്തിരിക്കുകയായി. അങ്ങനെയാണവൾ പതിവു്. അവൾ അവളുടെ സങ്കല്പസുതയെ നോക്കി പറഞ്ഞു. "അമ്മു ഉറങ്ങി. അവളുടെ അച്ഛനിപ്പോൾവരും. എന്താണദ്ദേഹംവരാത്തതു്? അദ്ദേഹം വന്നില്ലല്ലോ ഇനിയും. ഹൌ—ഹൌ —അദ്ദേഹം വന്നില്ലല്ലോ ഇനിയും എന്താണു വരാത്തതു്? വരാതെ ഞാനെങ്ങനെ ഉണ്ണും? എനിക്കു വിശന്നിട്ടും വയ്യ!" അതു വാസ്തവമായിരുന്നു. അപ്പോഴേക്കും അവൾ ആ വിശ

പ്പറിഞ്ഞു. അവൾ വിശക്കുന്നു! വിശക്കുന്നു! എന്നൊക്കെ പറയുവാൻ തുടങ്ങി. എനിക്കതു കേട്ടവിടെ നില്ക്കുവാൻവയ്യാതായി. ഞാൻ അങ്ങോട്ടു ചെന്നു. അവൾ എന്റെ മുഖത്തേക്കു കുറച്ചുനേരം ഇമവെട്ടാതെ തുറിച്ചു നോക്കിയതിനുശേഷം പിടഞ്ഞെഴുന്നേററു ചോദിച്ചു: "വാസു, എവിടെയാണദ്ദേഹം? അദ്ദേഹം എവിടെ? കാണാനില്ലല്ലോ? കണ്ടുവോ? എനിക്കു വിശന്നിട്ടു വയ്യല്ലോ? അദ്ദേഹം വരാതെ എങ്ങനെയാണുണ്ണുക?" അവളെ അവിടെനിന്നു കൂട്ടിക്കൊണ്ടുപോകുവാൻ ഞാൻ ശ്രമിച്ചു നോക്കി. സാധിച്ചില്ല. ഞാൻ അവിടെ നിന്നു നേരെ പുറപ്പെട്ടു. എങ്ങനെയെങ്കിലും കുറച്ചു ചോറു കൊണ്ടുവരണമെന്നു ഞാൻ കരുതി. പുറപ്പെട്ട ഉടനെ അവൾ എന്റെ പിന്നാലെ വരുന്നുണ്ടോ എന്നു ഞാൻ ഒന്നുകൂടി നോക്കി. ഇല്ല. അവൾ അവിടെ ഇരിക്കുകയാണ്. ഞാൻ വേഗംപോയി ചോറുകൊണ്ടുവന്നു. നേരം നല്ലവണ്ണം ഇരുട്ടായി. അവൾ അപ്പോഴും ആ മരത്തിന്റെ ചുവട്ടിൽതന്നെ ഇരിക്കുകയാണ്. അവൾ അപ്പോഴും പറയുന്നുണ്ട്: "അദ്ദേഹം ഇനിയും വന്നില്ലല്ലോ. വന്നില്ലല്ലോ. എനിക്കു വിശന്നിട്ടു വയ്യ. അദ്ദേഹം വന്നില്ലല്ലോ. ഹും ഹും ഹും . . . "

അതവളുടെ പതിവാണ്. സുകുമാരൻ വന്ന് സുകുമാരന്റെ കൂട്ടമേ അവൾ ഊണുകഴിക്കു. അതിനുമുമ്പ് അവൾ കുട്ടിയെ പാലു കൊടുത്ത് ഉറക്കിക്കഴിയും. ഞാൻ ആലോചിച്ചു. ഈ ചോറു കൊണ്ടുചെന്നാൽ, അവളുടെ മനസ്ഥിതി ഈ നിലയിൽ ഇരിക്കുമ്പോൾ, അവൾ ഉണ്ണുമോ? ഉണ്ണുവാൻ സുകുമാരൻ വരണ്ടേ? എനിക്കൊരു യുക്തി തോന്നി. ഫലമോ എന്നു പരീക്ഷിക്കുവാൻ ഞാൻ തീർച്ചയാക്കി. സുകുമാരനായിട്ടങ്ങോട്ടു ചെല്ലുക. പതിവായി സുകുമാരൻ ഗൃഹത്തിലേക്കു ചെന്നു കയറുക, അവളെ വിളിച്ചുംകൊണ്ടാണ്. "ദേവൂ" എന്നാണ് അവളെ സുകുമാരൻ വിളിക്കുക. ആ വിളിയുടെ ഭംഗി ചില്ലറയൊന്നുമല്ല കിട്ടോ. ഞാനൊന്നു വിളിച്ചുനോക്കി. "ദേവൂ!" അതു കുറിക്കുകൊണ്ടു. അവൾ പൊട്ടിച്ചിരിച്ചുപോയി. ആ ഭയങ്കരസംഭവത്തിനുശേഷം അവളുടെ ആദ്യത്തെ ചിരി. "എന്തു രസം? ഭർത്താവു വരുന്നു! ഭർത്താവ്!" അവൾ പിടഞ്ഞെഴുന്നേററു. ഞാൻ ചോറുംകൊണ്ട് അവളുടെ അടുക്കലേക്കു ചെന്നു. അവൾ എന്നെ മുറുകെ ആശ്ലേഷിച്ചു. അവളുടെ ലാളനകൾ ഒരു മകൻ അമ്മയുടെ ലാളനകൾ എന്നപോലെ ഞാൻ സ്വീകരിച്ചു. ഞാൻ ചോദിച്ചു: 'ദേവകി ഉണ്ടോ?" അവൾ സന്തോഷത്തോടുകൂടി ചിരിച്ചുംകൊണ്ടു പറഞ്ഞു: "ഇല്ല." അവളെ ഒന്ന് ഒരുവിധം ഞാനൂണു കഴിപ്പിച്ചു. ഈ പതിവു ഞാൻ ഇന്നലെവരെ തുടർന്നുപോന്നു. ഇരന്ന് എനിക്കു കിട്ടുന്ന ചോറിൽനിന്ന്

ഒരു ഭാഗമാണു ഞാൻ ഇവൾക്കു കൊണ്ടുകൊടുക്കാറ്. നാലഞ്ചു ദിവസമായി അതു തന്നെ കുറച്ചേ ഉണ്ടാകാറുള്ളു. ഞാൻ പട്ടിണി കിടന്നു്, അവൾക്കു ചോറു കൊടുത്തു. അതും ഒരു നേരത്തിലധികം കൊടുക്കുവാൻ എനിക്കു സാധിച്ചിരുന്നില്ല. അവളുടെ മുമ്പിൽ ചെന്നാൽ ഞാൻ അധികം സംസാരിക്കാറില്ല. എന്റെ 'പെട്ട പൊളിഞ്ഞെ'ങ്കിലോ എന്നെനിക്കു തന്നെ ഭയമുണ്ടു്. എന്നാൽ അവൾ പട്ടിണികിടന്നു മരിക്കുകതന്നെചെയ്യും. ഞാൻ എന്തുകാട്ടും? ഇനി നിങ്ങൾ പറയണം. ഞാൻ അപരാധിയാണോ? മര്യാദകെട്ടവനോ?"

"ശ്രീമൻ, നിങ്ങളെ ഞാൻ നമസ്കരിക്കുന്നു." ഇത്രമാത്രമേ എനിക്കു പറയാൻ കഴിഞ്ഞുള്ളു.

ഒടുവിൽ ആ മനുഷ്യൻ എഴുന്നേററു. "ഇന്നു് അവളെ കാണുവാൻ എനിക്കു തരമായില്ല. എനിക്കെങ്ങിനെയെങ്കിലും അവളെ തിരഞ്ഞുപിടിക്കണം. ഇനി ഇന്നു് അവൾ ഉണ്ണുകയില്ല. അവൾ എന്താണു് ഇന്നു് അവിടെ വരാതിരിക്കുവാനുള്ള കാരണം? മനസ്സിലാകുന്നില്ല."

ആ മനുഷ്യൻ വല്ലാതെ ആലോചിക്കുന്നതുപോലെ തോന്നി. അയാൾ പറഞ്ഞവസാനിപ്പിച്ചു:—"പാവം! ഞാൻ വിളിക്കുന്ന ആ വിളി അവളുടെ ഭർത്താവിന്റെ വിളി, പകലെല്ലാം അങ്ങിനെ അനുകരിച്ചുകൊണ്ടു് അവൾ ഓടിനടക്കുന്നു. അവൾക്കിപ്പോൾ ഒരു മാററം വന്നിട്ടുണ്ടു്. അവൾ മുമ്പേത്തേക്കാൾ അധികം ഉന്മേഷത്തോടുകൂടിയവളായിത്തീർന്നിരിക്കുന്നു. അതുകാരണം വേണ്ടാതെ ഓരോന്നു പറയലും കാട്ടലും ആഹ്ലാദിക്കലും ഇപ്പോൾ പണ്ടത്തേക്കാൾ അധികമാണു്. അതുകൊണ്ടു് അവൾ പുറത്തിറങ്ങി ഓടിനടക്കുകയും മാറം ചെയ്യുന്നു. രാത്രി അവൾ ഉറങ്ങുന്നതുവരെ പതിവായി ഞാൻ ഒരുമിച്ചുണ്ടാവും. ഉറങ്ങിയാൽ എഴുന്നേററുപോരും."

"അപ്പോൾ അവളെ ഇനി ഇന്നു ഞാൻ അന്വേഷിച്ചു പിടിക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്കു ഞാൻ നന്ദി പറഞ്ഞില്ല. എന്നാൽ നില്ക്കട്ടെ?"

ആ മനുഷ്യൻ ഉടനെത്തന്നെ അവിടെനിന്നിറങ്ങി ആ അന്ധകാരത്തിൽ പോയി മറഞ്ഞു.

ഞാൻ എത്രനേരം ആ ഒരിരുപ്പിൽ അവിടെയിരുന്നു എന്നു് എനിക്കറിഞ്ഞുകൂട. ഹാ, എന്തൊരാശ്ചര്യകരമായ കഥ!

# താരാട്ട്

(൧)

ഓമനേ, നീയുറങ്ങൂ — കരയരു-
തോമനേ, നീയുറങ്ങൂ !

കൂമ്പുന്നു താമര ! കൂമ്പുന്നു മല്ലിക !
കൂമ്പുക നിന്മിഴിയും !

(൨)

പോയി പകലുറങ്ങാൻ — തളൎന്നതാ
പോയി രവി ഉറങ്ങാൻ;

വൃക്ഷമുറക്കമായ് ! പക്ഷി മയക്കമായ്
ഇക്ഷണം നീയുറങ്ങൂ !

(൩)

മേഘക്കിടക്കമേലേ — വിരിക്കുന്നു
മേൽ വിരിപ്പന്തിചാലേ;

വിൺമണിപ്പൈതങ്ങളും വീണ്ടുമുറക്കമായ്;
കൺമണി ! നീയുറങ്ങൂ !

(൪)

നാളെപ്പുലരും കാലം — വിരിഞ്ഞിടും
ഞ്ഞിളെ നൽപുഷ്പജാലം

നല്ല കിനാവിൻെറ നാട്ടിൽനിന്നപ്പൊഴെൻ
ചെല്ലമേ, പോരിക നീ !

[ജി]

# മാതൃഭാഷ. *

[ഡോൿടർ റവീന്ദ്രനാഥ ടാഗോർ]

ആംഗലവിദ്യാഭ്യാസത്തിൻെറ ആഗമനത്തോടുകൂടി നമുക്കു നമ്മുടെ സാഹിത്യത്തിൽ അഭിരുചിയോ അഭിമാനമോ ഇല്ലാതായി അന്നാണു ഞാൻ ജനിച്ചതു്. കുട്ടികൾ അക്ഷരന്മാൎക്ക് ഇംഗ്ലീഷിൽ എഴുതിക്കൊണ്ടിരുന്നു. സ്വന്തം ആശയങ്ങളും അനുഭവങ്ങളും പ്രകാശിപ്പിക്കുവാൻ സ്വന്തം ഭാഷതന്നെ ധാരാളം മതിയെന്നു് അവർ വിചാരിച്ചില്ല. അങ്ങനെ നമ്മുടെ കാരോരുത്തരുടേയും മാതൃഭാഷ നഷ്ടമായി.

സ്ത്രീകൾ മാത്രം അവരുടെ പ്രിയതരമായ ഭാഷയെ ഗൃഹത്തിൽ സൂക്ഷിച്ചുവന്നു. അവരുടെ വികാരപ്രധാനമായ പ്രകൃതിക്കു സഹജമായ ഒരു ഭാഷതന്നെ വേണം. അവർ ബംഗാളിയിൽ എഴുതുവാൻ ശ്രമിച്ചു. ഞങ്ങളുടെ സാഹിത്യത്തിൻെറ ഉത്ഭവം ഇവിടെനിന്നാണു്. അതിനുശേഷം ഭാഷാവിഷയകമായ മനോഭാവത്തിനുതന്നെ ഒരു വലിയ മാററമുണ്ടായി. അന്നത്തെ ആ ആദിമസാഹിത്യത്തെ ഞങ്ങൾ ഇന്നും അഭിമാനത്തോടുകൂടി സൂക്ഷിക്കുന്നു. എന്നാൽ അവക്കു നേരിടേണ്ടിവന്ന എതിൎപ്പിനെപ്പററി നിങ്ങൾക്കു് ആലോചിക്കുവാൻതന്നെ സാധിക്കുകയില്ല. എന്നാൽ വ്യക്തിമാഹാത്മ്യം അവയെയെല്ലാം അതിജീവിച്ചു, ജയിച്ചു. ആദ്യം സ്ത്രീകൾമാത്രമേ അഭിനന്ദിക്കുവാനുണ്ടായുള്ളു. നിങ്ങൾ ഒരു പുതിയ രാജ്യം സന്ദൎശിക്കുമ്പോൾ, അവിടെ പൊതുമന്ദിരങ്ങളും കാഴ്ചബംഗ്ലാവുകളും മററുമുണ്ടു്. അവ വിലയുള്ളവയുമാണു്. പക്ഷേ, പുഷ്പങ്ങളും നീലാകാശവുമുണ്ടു്. അവയാണു നിങ്ങളെ അധികം ഉപചരിക്കുന്നതു്. നമ്മുടെ സാഹിത്യത്തിലും അതുപോലെയാണു്.

നിങ്ങളുടെ ഭാഷയിൽ അഭിമാനിക്കുവാൻ ഞാൻ നിങ്ങളോടു് അഭ്യൎത്ഥിക്കുന്നു. പുരുഷന്മാർ മൂകരാവുകയാണെങ്കിൽ ആയിക്കൊള്ളട്ടെ; സ്ത്രീകൾക്കു് അവരുടെ ഹൃദയം തുറന്നുപറയണം. അവർ നമ്മെ വളൎത്തുന്നു, ആശ്വസിപ്പിക്കുന്നു.

യഥാൎത്ഥമായ സമാശ്വാസത്തെ വളൎത്തുന്ന ആ ആശയപ്രകാശനസമ്പ്രദായത്തെ പോഷിപ്പിക്കേണ്ടതു് അവരുടെ കൎത്തവ്യമാണു്.

ഷെല്ലിയും കീററ്സും വേഡ്സ്വൎത്തും പിന്നീടു ബ്രൌണിങ്ങും നമുക്കു സ്വാതന്ത്ര്യത്തിൻെറയും വിനയത്തിൻെറയും സ്നേഹത്തിൻെറയും സേവനത്തിൻെറയും സന്ദേശങ്ങൾ നൽകിയപ്പോൾ അന്നു സാഹിത്യ

---

* മദിരാശി ക്വീൻ മേരീസ് കോളേജിൽവെച്ചു ചെയ്ത ഒരു പ്രസംഗം.

സൃഷ്ടിയുടെ വസന്തത്തുവായിരുന്നു അവയെ നിങ്ങളുടെ ഭാഷയിലേയ്ക്കു നയിക്കുന്നില്ലെങ്കിൽ ആ പാഠങ്ങളത്രയും വ്യർത്ഥമായിത്തീരും.

നിങ്ങൾക്കു സ്വന്തംഭാഷയിൽ താല്പര്യം കുറയുമെന്നു് ആരോ എന്നോടു പറയുകയുണ്ടായി. അതിൻെറ വേദനയും അപമാനവും അനുഭവിക്കേണ്ടതു സ്ത്രീകളായ നിങ്ങളാണ്. നിങ്ങളുടെ കുട്ടികൾ പട്ടിണികിടക്കുന്നു.

അമ്മയുടെ ശബ്ദത്തിൽനിന്നും ഭാഷയിൽനിന്നുമാണു കുട്ടി ആദ്യപാഠങ്ങൾ പഠിക്കുന്നതു്. ഇന്നത്തെ അമ്മ ഇംഗ്ലീഷിലെ യക്ഷികഥകൾ കൊണ്ടു കുട്ടിയുടെ ഭാവനയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നു. കുട്ടികളുടെ ജന്മാവകാശത്തെ ഇങ്ങനെ നിഷേധിക്കുന്നതു് അവരെ വഞ്ചിക്കുകയാണ്. എനിക്കു് അതു് ആലോചിക്കുവാൻതന്നെ വയ്യ. നമ്മുടെ മനസ്സു പട്ടിണികിടക്കുന്നു; മററു യാതൊന്നിനും അതിനെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല.

പൊതുഭാഷയിൽ ഞാൻ വിശ്വസിക്കുന്നില്ല. അതു രാഷ്ട്രീയമായ ഒരു സൌകര്യം മാത്രമാണ്. ഭിന്നങ്ങളായ അനേകം ഭാഷകളിൽനിന്നു സമ്പന്നമായ ഒരു സംസ്കാരം ഉണ്ടാകത്തക്കവണ്ണം ഓരോ സംസ്ഥാനത്തിലേയും ഭാഷകളെ അഭിവൃദ്ധിപ്പെടുത്തുകയാണ് ഇന്നു നമുക്കു് ആവശ്യം.

എല്ലാകാലത്തേയും എല്ലാ രാജ്യത്തേയുമുള്ള മഹാകവികൾ നിങ്ങൾക്കു നിങ്ങളുടെ ഭാഷയിൽത്തന്നെയുണ്ടാവണം. അന്നേ നിങ്ങൾ യഥാർത്ഥമായി മാനനീയരാകയുള്ളു.